# അദ്ധ്യായം 2

# ദൈവത്തിന്റെ സാക്ഷ്യം പ്രഖ്യാപിക്കൽ

അടിവരയിട്ട കാരണങ്ങൾ നിരത്തിയായിരുന്നു, പൗലൊസ് കൊരിന്ത്യ സഭയിലെ ഭിന്നതയെ നേരിട്ടത്. ചില ഉപദേഷ്ടാക്കന്മാരെയും അവരുടെ ശൈലികളെയും ഇഷ്ടപ്പെടുന്ന മുൻഗണനകൾ നിമിത്തമായിരുന്നു അവർക്കിടയിലെ പിണക്കത്തിനും സംഘർഷത്തിനും ഇടയാക്കിയത്. പ്രചാരത്തിലിരുന്ന വീഥികളിലെ തത്വജ്ഞാനികളുടെ വിലയിരുത്തൽ പോലെയായിരുന്നു അത്. അത് സഭയിൽ ബഹളത്തിന് കാരണമായി. ലോകം ജ്ഞാനത്തെ മനസിലാക്കുന്നതും, ജ്ഞാനത്തെ കുറിച്ചുള്ള ദൈവത്തിന്റെ മൂല്യനിർണ്ണയവും തമ്മിൽ താരതമ്യം ചെയ്യുകയായിരുന്നു അപ്പൊസ്തലൻ. യേശു ക്രൂശിൽ മരിച്ചതിൽ കൂടെ കൃപയുടെ ശക്തി ദൈവം വെളിപ്പെടുത്തി. ലോകത്തിൽ ശക്തിയും സ്വാധീനവും നേടുവാനാഗ്രഹിച്ചവരിൽ പ്രതീക്ഷിച്ചതുപോലെ, ആകർഷിക്കുവാനുള്ളതായിരുന്നില്ല ദൈവശക്തി.

കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ഭാഗികമായി മാത്രം സുവിശേഷം അനുസരിച്ചതിനാലാണ് അവർക്കിടയിൽ ഭിന്നത ഭവിച്ചത്. ഭൗതികമായ മൂലകങ്ങൾ നിമിത്തം അവർക്ക്, ദൈവത്തിന്റെ ജ്ഞാനത്തെയും ക്രൂശിലെ വീണ്ടെടുപ്പും കാണുവാൻ കഴിഞ്ഞില്ല, ലോകജ്ഞാനം ആയുധമായി എടുത്തിരിക്കുന്നവരോട് അപ്പൊസ്തലൻ തന്റെ അപേക്ഷ കൂട്ടിച്ചേർത്തു: അവർക്കിടയിൽ അവൻ ക്രിസ്തുവിനെ എങ്ങനെ മാതൃകയാക്കി എന്ന് പരിശോധിക്കുവാൻ അവരോട് പറഞ്ഞു. താൻ സുവിശേഷം പ്രസംഗിക്കുക മാത്രമല്ല, അവന്റെ ആത്മാർത്ഥത അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു. ക്രൂശിന്റെ വില പൗലൊസ് തന്റെ ജീവിതത്തിൽ മാതൃകയാക്കിയിരുന്നു. അവന്റെ പ്രബോധനം വെറും തത്വമായിട്ടായിരുന്നില്ല അവതരിപ്പിച്ചത്; തന്റെ വ്യക്തിപരമായ ജീവിത മാർഗമായിട്ടായിരുന്നു പൗലൊസ് അതിനെ പ്രദർശിപിച്ചത്. വാദം ജയിക്കുക എന്നതായിരുന്നില്ല അപ്പൊസ്തലന്റെ ലക്ഷ്യം, മറിച്ച് അവർ കാര്യങ്ങൾ ശരിയായി മനസിലാക്കുവാൻ അവരെ സഹായിക്കുക എന്നതായിരുന്നു. താൻ പഠിപ്പിച്ച സത്യത്തെ ജീവിതത്തിൽ മുറുകെ പിടിക്കുവാൻ അപ്പൊസ്തലന് യാതൊരു സങ്കോചവുമില്ലായിരുന്നു. തന്റെ ജീവിതം പരിശോധിക്കുവാൻ അവൻ വായനക്കാരോട് ആവശ്യപ്പെട്ടു.

### പൗലൊസിന്റെ പ്രസംഗം പ്രതിരോധിച്ചു
### (2:1-5)

**1ഞാനും സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ, വചനത്തിന്റേയോ ജ്ഞാനത്തിന്റേയോ വൈഭവം കൂടാതെയത്രെ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോട് പ്രസ്താവിപ്പാൻ വന്നത്. 2ക്രൂശിക്കപ്പെട്ടവനായ യേശു ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. 3ഞാൻ ബലഹീനതയോടും**

**ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. 4നിങ്ങളുടെ വിശ്വാസത്തിന് മനുഷ്യരുടെ ജ്ഞാനമല്ല ദൈവത്തിന്റെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന്ന് 5എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാലല്ല ആത്മാവിന്റേയും ശക്തിയുടേയും പ്രദർശനത്തിലത്രെ ആയിരുന്നത്.**

**വാക്യം 1.** ആദ്യം പൗലൊസ് കൊരിന്ത് സന്ദർശിച്ച് മൂന്നു വർഷം കഴിഞ്ഞിരിക്കുന്നു. പുതിയ ഇടവകകൾ ഉപദേശത്തിലും പെരുമാറ്റത്തിലും ഉറക്കുക എന്നത് പ്രയാസമുള്ള കാര്യമാണെന്ന് ഇന്നത്തെ മിഷ്ണറിമാർ സാക്ഷ്യപ്പെടുത്തും. പൗലൊസിന്റെ കാലയളവിലെ സ്ഥിതിയും മറിച്ച് ആയിരുന്നില്ല. താൻ കൊരിന്തിൽ പ്രസംഗിച്ചു പോയശേഷം അവർക്കിടയിലേക്ക് അന്യദേവന്മാരെ നമസസ്ക്കരിച്ചിരുന്നവർ കടന്നുവന്നു. വായനക്കാരുടെ മനസിൽ സന്ദേശവും സന്ദേശവാഹകനും ഇഴുകിച്ചേരുമെന്ന് പൗലൊസ് മനസിലാക്കിയിരുന്നു. ആകയാൽ, അവൻ ദൈവത്തിന്റെ "ഭോഷത്വവും" ലോകത്തിന്റെ "ജ്ഞാനവും" (1:21–25) തമ്മിലുള്ള വ്യത്യാസം കാണിക്കുന്നതിൽനിന്ന് താൻ വ്യക്തിപരമായി കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് വ്യക്തിപരരമായി പ്രാരംഭത്തിൽ ഉപദേശിച്ചതിലേക്ക് തിരിഞ്ഞു.

അവന്റെ പ്രസംഗം നാട്യം കൂടാതെയുള്ള ഒന്നായിരുന്നു. ആ സത്യത്തിന് കൊരിന്ത്യർക്കു തന്നെ സാക്ഷ്യം പറയുവാൻ കഴിയുമായിരുന്നു. ചന്തസ്ഥലത്തെ നവീന പരിഷ്ക്കാരരികളുടെ രീതികളെ അവൻ തള്ളിക്കളഞ്ഞിരുന്നു. അവൻ സംസാരിച്ചതിലൊന്നും വൈഭവം പ്രകടമായിരുന്നില്ല. രസകരമായ പ്രസംഗത്തിലോ നവീന പരിഷ്ക്കാര രീതിയിലോ ഉള്ള പ്രസംഗം താൽപര്യപ്പെടുന്നവർക്ക് മറ്റു സ്ഥലങ്ങളിൽ പോകണമായിരുന്നു. അവൻ നേരുള്ളവനായി വരികയും നേരുള്ള പ്രസംഗം നടത്തുകയും ചെയ്തു.

പൗലൊസിന്റെ മൊത്തത്തിലുള്ള ചിന്ത വ്യക്തമായിരുന്നു, തന്റെ കാര്യകാരണവിവേചനത്താൽ, സൂക്ഷ്മഭേദം വ്യക്തമാക്കുന്നു. ആദ്യം, വാക്ക് തർജിമ ചെയ്തിരിക്കുന്നത്, "**അധീശത്വത്തോടെയാണ്**" (καθ᾽ ὑπεροχὴν *കാത്ഹുപ്പരോച്ചൻ*) എന്നത് **പ്രസംഗവും** (λόγου, *സോഫിയാസ്*) *ജ്ഞാനവും* പരിഷ്ക്കരിക്കുകയാവാം "അധീശത്വത്തോടുകൂടി" എന്ന പ്രയോഗം, കടന്നുപോകുന്ന താൽപര്യത്തേക്കാൾ കവിയുന്ന "സംസാരവും," ജ്ഞാനവും ഉൾപ്പെടുന്നതാണ് (σοφίας). പക്ഷെ ആ വാക്കുകൾ വ്യത്യസ്തമായ ആശയവിനിമയത്തെയാണ് സൂചിപ്പിക്കുന്നത്. പൗലൊസ് കൊരിന്തിൽ വന്നത് തത്വജ്ഞാനികളുടെ ബുദ്ധിവൈഭവത്താലോ, കൗശലവിദ്യയാലോ, വാഗ്ചാതുര്യത്താലോ ആയിരുന്നില്ല, അതായത് അവരുടെ രീതിയായിരുന്നില്ല പൗലൊസിന്റേത് എന്നർത്ഥം. "സംസാരത്തിൽ" "അധീശത്വം" മാത്രമുള്ളതു ലോകചിന്തയാണ്. എന്നാൽ പൗലൊസ് ലോകജ്ഞാനത്താലുമല്ല വന്നത്. ചുരുങ്ങിയത്, വാക്കു മനസിലാക്കുവാൻ ഗ്രീക്കു ലോകത്തിന്റെ ജ്ഞാനത്തിൽ അവൻ ആശ്രയിച്ചിരുന്നില്ല. എൻഐവി "സുപീരിയേറിറ്റി" എന്നതിനോട് "വചനവും," "ജ്ഞാനവും" ചേർത്തിരിക്കുന്നു. "ഞാൻ വാക്ചാതുര്യത്തോടെയോ അല്ലെങ്കിൽ ജ്ഞാനത്തോടെയോ അല്ല വന്നത്." എങ്ങനെയായാലും, ഈ സന്ദർഭത്തിൽ എൻഏഎസ്ബിയാണ് ഏറ്റവും നല്ല തർജിമ: "ഞാൻ വാക്ക് വൈഭവത്തോടെയോ അല്ലെങ്കിൽ ജ്ഞാനത്തോടെയോ അല്ല വന്നത്."

രണ്ടാമത്തെ ചോദ്യം വേദഭാഗവുമായി ബന്ധപ്പെട്ടതാണ്. ഉയർന്ന ചില

കയ്യെഴുത്തുപ്രതികളിൽ, 2:1-ൽ അവസാന വാചകത്തിൽ "ദൈവത്തിന്റെ മർമ്മം" (μυστήριον τοῦ θεοῦ, *മസ്റ്റെരിയോൻ ടൗ തെയൗ*) എന്നാണ്. കൂടുതൽ കയ്യെഴുത്തുപ്രതികളിലും ദൈവത്തിന്റെ സാക്ഷ്യം (μαρτύριον τοῦ θεοῦ, *മാർച്ചൂറിയൻ ടൗ തെയൗ*) എന്നാണ്. എൻആർഎസ്‌വി യിൽ "മർമ്മം" എന്നാണ്, പക്ഷെ മിക്ക തർജിമകളിലും "മർമ്മം" എന്നാണ്. ഉടനെയുള്ള സന്ദർഭത്തിൽ രണ്ടു വാക്കുകളും കാണാം (1:6-ൽ "സാക്ഷ്യം," 2:7-ൽ "മർമ്മം"). തിരഞ്ഞെടുപ്പ് പ്രയാസമാണ്. താൻ വ്യക്തിപരമായി കൊരിന്ത്യരോട് ക്രിസ്തുവിനെ അവതരിപ്പിച്ചതിനെയാണ് പൗലൊസ് 2:1-ൽ പറയുന്നത്. അപ്പൊസ്തലന്റെ പ്രവൃത്തിയോടു യോജിക്കുന്നതാകയാൽ, "സാക്ഷ്യം" എന്നതാണ് നല്ല തർജിമ.

**വാക്യം 2**. പൗലൊസിന്റെ സന്ദേശത്തിലെ എല്ലാം അടങ്ങുന്നതായിരുന്നു അതിലെ കേന്ദ്ര സത്യം, **ക്രൂശിക്കപ്പെട്ട യേശുക്രിസ്തു**. ലോകം അവജ്ഞയോടെ കാണുന്നതും തനിക്ക് അറിയാവുന്നതുമായ സന്ദേശത്തിനു വേണ്ടിയായിരുന്നു അപ്പൊസ്തലൻ നിലനിന്നത്, അതിൽ യാതൊരു വിട്ടുവീഴ്ച്ചയും വരുത്തിയില്ല. അവൻ തന്റെ വ്യക്തിപരമാ ഉദ്ദേശത്തിനോ, സ്വാഭിമാനത്തിനോ യാതൊരു സ്ഥാനവും നൽകിയില്ല. സഞ്ചരിക്കുന്ന ഉപദേഷ്ടാക്കന്മാരുടെ തന്ത്രങ്ങൾ ഉപയോഗിക്കുകയോ അവരുമായി വിട്ടുവീഴ്ച്ച നടത്തുകയോ ചെയ്തില്ല. ദൈവം അവനു നൽകിയ വെളിപ്പാട് അനുസരിച്ചായിരുന്നു അവൻ പ്രവർത്തിച്ചത്. അവൻ സംസാരിച്ചത്, പ്രസിദ്ധിയോ, സാമ്പത്തിക ലക്ഷ്യമോ വെച്ചായിരുന്നില്ല അപ്പൊസ്തലൻ പ്രസംഗിച്ചത്. തന്നെ പരിശോധിക്കുവാനായിരുന്നു പൗലൊസ് കൊരിന്ത്യരോട് ആഹ്വാനം ചെയ്തത്. ക്രരിസ്തു അവന് നൽകിയ സന്ദേശത്തിന് ഒട്ടും വിട്ടുവീഴ്ച്ച വരുത്തുവാൻ അവൻ തയ്യാറായില്ല. അവരുടെ വിശുദ്ധീകരണത്തിന് ഇടയാക്കിയത് അവൻ അവർക്ക് നൽകിയ സത്യ സന്ദേശമായിരുന്നു.

കൊരിന്ത്യർ തന്റെ മാതൃക പിൻപറ്റുവാനായിരുന്നു അപ്പൊസ്തലന്റെ വാക്കുകളിലെ ഉപ-വിഷയം. വ്യക്തിമഹത്വത്തിനിടയാക്കുന്ന കാര്യങ്ങളെല്ലാം ഒഴിവാക്കണം. അവർ അവനെ പോലെ, സത്യത്തിനു വേണ്ടിയല്ലാതെ മറ്റൊരു ലക്ഷ്യവുമില്ലാതെ ആത്മാർത്ഥമായ സത്യം സംസാരിക്കുന്നവരാകണം. ലോകത്തിന്റെ ജ്ഞാനത്തിലോ, ശക്തിയിലോ ആശ്രയിക്കാതെ, ക്രിസ്തുവിനോടു പറ്റിച്ചേരുവാൻ അവർ പഠിക്കണമായിരുന്നു. അവർക്ക് മഹത്വം ലഭിക്കുന്നതിനാണ് യേശു ക്രൂശിൽ മരിച്ചത്. ലോകത്തിന്റെ ജ്ഞാനം സ്വീകരിച്ചാൽ ദൈവത്തിൽനിന്നു പുറംതിരിഞ്ഞ് ലജ്ജിക്കപ്പെടുകയും ചെയ്യും. ക്രിസ്ത്യാനികൾ ക്രൂശിനു ചുറ്റും യോജിച്ചിരുന്നാൽ, ഭിന്നതകൾക്കോ അല്ലെങ്കിൽ മ്ലേഛതകൾക്കോ അവരെ കുഴപ്പത്തിലാക്കുവാൻ സാദ്ധ്യമല്ല.

**വാക്യം 3**. സഭയിൽ ഭവിച്ച ഭിന്നതകളോട് പ്രതികരിക്കുന്നതായിരുന്നു പൗലൊസ് ജ്ഞാനത്തെ കുറിച്ചും ഭോഷത്വത്തെ കുറിച്ചും സംസാരിച്ചത്. വെറും പൊള്ളയായ സിദ്ധാന്തമായിരുന്നില്ല പൗലൊസ് ജ്ഞാനത്തെ കുറിച്ച് സംസാരിച്ചത്. കൊരിന്ത്യയിലെ നവ പരീഷ്ക്കാരങ്ങളും, മൃദുവായ സങ്കീർണതയും പ്രതീക്ഷിച്ച കൊരിന്ത്യയിലെ ജനത്തോട് പൗലൊസ് തന്നെത്തന്നെ വെളിപ്പെടുത്തുകയായിരുന്നു. അവൻ അവരിൽ നിന്നു വ്യത്യസ്തമായി ഭയമുള്ളവനും ബലഹീനനുമായിരുന്നു എന്നു സ്പഷ്ടമാക്കി. പൗലൊസ് അവരുടെ ഇടയിലായിരുന്നപ്പോൾ, അവൻ **ബലഹീനതയോടും, ഭയത്തോടും വിറയലോടുകൂടെ ആയിരുന്നു** കഴിഞ്ഞത് ഗലാത്യയിലെ

ക്രിസ്ത്യാനികൾക്ക് അവൻ എഴുതി, "... എന്റെ ശരീരത്തിലെ ബലഹീനത നിമിത്തം ഞാൻ സുവിശേഷം അറിയിച്ചപ്പോൾ, നിന്ദയോ, വെറുപ്പോ കൂടാതെ നിങ്ങൾ എന്നെ കൈക്കൊണ്ടു ..." (ഗലാ. 4:13, 14). അവരോട് സുവിശേഷം അറിയിച്ച നായകൻ ഒരു ഭൗതിക നായകൻ ആയിരുന്നില്ല, മൃദു-ഭാഷിയോ, വാഗ്മിയോ, പ്രസിദ്ധിയാർജിച്ച ഉപദേഷ്ടാവോ ആയിരുന്നില്ല, "ക്രൂശിന്റെ പ്രതിമ (സുവിശേഷം) രമണീയമായോ, അത്യുജ്ജ്വലമായോ അവതരരിപ്പിക്കുവാൻ കഴിയുന്നതായിരുന്നില്ല."[1]

വാക്കുകൾക്ക് ശക്തി പകരുവാൻ, വായനക്കാരെ അവൻ കൊരിന്തിലെ തന്റെ ആദ്യ സന്ദർശനം ഓർമ്മിപ്പിച്ചു (ആ സംഭവങ്ങൾ പ്രവൃത്തികൾ 18-ൽ വിവരിച്ചിരിക്കുന്നു). അഥേനയിലെ നിഷ്ഫലമായ പ്രവർത്തനങ്ങൾക്കു ശേഷമായിരുന്നു ആദ്യമായി അവൻ കൊരിന്തിലെത്തിയത്. അവന്റെ കൂടെയുണ്ടായിരുന്ന തിമൊഥെയൊസും, ശിലാസും മക്കെദൊന്യയിലെ സഭയെ വളർത്തുവാനായി അവിടെ തങ്ങിയിരുന്നു. പൗലൊസ് കൊരിന്തിൽ തനിച്ചായിരുന്നു എത്തിയത്. അവൻ ആദ്യമായി അവിടെ ചെന്നപ്പോൾ, ജ്ഞാനികളോ, പ്രസംഗപാടവം ഉള്ള ആരും അവനോടൊപ്പം ഇല്ലായിരുന്നു എന്ന കാര്യം അവരെ ഓർമ്മിപ്പിച്ചു. പൗലൊസിനെ സംബന്ധിച്ച്, ക്രിസ്തുവിലാകുക എന്നതും **അവനെ** പ്രസംഗിക്കുക എന്നതും, ലോക നിർവ്വചനമായ ജ്ഞാനത്താലോ, അഭിമാനനത്താലോ, ശക്തിയാലോ അല്ലായിരുന്നു.

**വാക്യം 4**. പൗലൊസ് തന്റെ സന്ദേശവും പ്രസംഗവും കൊരിന്ത്യരെ ഓർമ്മിപ്പിക്കകുവാൻ കാരണം രണ്ടിന്റേയും പ്രകടമായ വ്യത്യാസം അവരെ ബോധ്യപ്പെടുത്തുവാനായിരുന്നു. മറ്റു പ്രാസംഗികന്മാരെയും എഴുത്തുകാരെയും പോലെ, പൗലൊസും സാഹിത്യരൂപമായ "പ്ലെയോണസം" ഉപയോഗിച്ചാണ് അതിവാചകത്വ വാക്കുകൾക്ക് ഊന്നൽ കൊടുത്തത്. "പ്രസംഗവും" "സന്ദേശവും" എന്നീ രണ്ടു വാക്കുകൾ ഒരിമിച്ച് എടുത്ത് പൗലൊസ് ബോധ്യമാക്കുവാൻ ആഗ്രഹിച്ചത് പ്രകടമാക്കി. കൊരിന്ത്യപട്ടണത്തിൽകൂടെ കടന്നുപോയ പ്രസംഗപാടവം ലഭിച്ചവരെ പോലെയോ, **ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാലോ** അല്ല പൗലൊസ് തന്റെ പ്രസംഗം അവതരിപ്പിച്ചത്. പകരം, പൗലൊസിന്റേത് **ആത്മാവിന്റേയും ശക്തിയുടേയും പ്രദർശന** [ങ്ങൾ] ആയിരുന്നു.

"പ്രദർശന[ങ്ങൾ]" എന്നു പറഞ്ഞത്, അവൻ കൊരിന്തിൽ ചെയ്തതും അവർ കണ്ടതുമായ അത്ഭുതങ്ങളെ കുറിച്ചാണ് എന്ന കാര്യത്തിൽ സംശയമില്ല, പ്രവൃത്തികളുടെ പുസ്തകം 18-ൽ അവൻ അവിടെ അത്ഭുതം ചെയ്തതായി വിവരിക്കുന്നില്ല, എന്നാൽ പിന്നീട് അവൻ പറഞ്ഞു, "അപ്പൊസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണസഹിഷ്ണുതയിലും, അടയാളങ്ങളാലും, അത്ഭുതങ്ങളാലും, വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടുവന്നുവല്ലൊ" (2 കൊ. 12:12; ഗലാ. 3:5 നോക്കുക). പൗലൊസ് കൊരിന്ത്യരെ സത്യം പഠിപ്പിച്ചത് നവീന പരിഷ്ക്കാര ഫോർമുലകളാലായിരുന്നില്ല, മറിച്ച് ആത്മാവിന്റെ സാക്ഷ്യത്താലായിരുന്നു.

പ്രസംഗിച്ച സന്ദേശത്തോട് താൽപര്യമില്ലാത്തവനായിട്ടല്ല അപ്പൊസ്തലൻ കാണപ്പെട്ടത്. അവനും, അവന്റെ സ്വഭാവവും, ദൈവത്തോടുള്ള ബന്ധവും, ക്രിസ്തുവിലുള്ള പ്രത്യാശയും, അവൻ കൊരിന്തിൽ സംസാരിച്ച സന്ദേശത്തിന്റെ ഭാഗമായിരുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യതക്കായിട്ടായിരന്നു പൗലൊസ് പ്രതിരോധിച്ചത്. കൊരിന്തിലെ സഭയിൽ നേരിട്ട

ഭിന്നതയും അതിനിടയാക്കിയ കക്ഷിചേരലും പൗലൊസിനെ അസ്വസ്ഥമാക്കിയിരുന്നു. ഭിന്നതയുടെ കാരണങ്ങളെ അവൻ പരിശോധിച്ചിട്ട്, ക്രൂശിന്റെ ജ്ഞാനത്തെയും ഭോഷത്വത്തെയും നോക്കുവാനായിരുന്നു അപ്പൊസ്തലൻ ആവശ്യപ്പെട്ടത്. "ശരിയായ ജ്ഞാനം" വിശദമാക്കുവാൻ അപ്പൊസ്തലൻ പരിഷ്ക്കാരമാർഗങ്ങൾ ഒന്നും ഉപയോഗിച്ചില്ല. സഭയുടെ ഏകത്വം, സമാധാനം, ദൈവജനം ഒന്നായിരിക്കൽ എന്നിവയായിരുന്നു പൗലൊസിനെ എഴുതുവാൻ പ്രേരിപ്പിച്ചത്. ശരിയായ ജ്ഞാനത്തോടു ബന്ധപ്പെട്ടു കിടക്കുന്നതാണ് വിശ്വാസികളുടെ നല്ല ചിന്തയും ഐക്യതയും.

**വാക്യം 5.** പ്രസംഗത്തിൽ നിന്നും മാതൃകയിൽനിന്നും അപ്പൊസ്തലന്റെ ചിന്ത കൊരിന്ത്യരുടെ വിശ്വാസത്തിലേക്ക് തിരിഞ്ഞു. [അലരുടെ] **വിശ്വാസം രക്ഷയിലേക്ക്** നയിക്കുന്നതിനായിരുന്നു അവൻ അവരെ പഠിപ്പിച്ചതും അവർക്കിടയിൽ പെരുമാറിയതും. **മനുഷ്യരുടെ ജ്ഞാനത്തിൽ** അധിഷ്ഠിതമായിരുന്നില്ല അപ്പൊസ്തലന്റെ വിശ്വാസം, കൊരിന്ത്യരുടെ വിശ്വാസത്തിലും ആയിരുന്നില്ല, പിന്നെയോ **ദൈവ ശക്തിയിലായിരുന്നു**. പൗലൊസിന്റെ ജ്ഞാനത്തിന്റെ ഉറവിടം പരിശുദ്ധാത്മാവ് ആയിരുന്നു (2:10), അവന്റെ വാക്കുകളിൽ കൂടെ കൊരിന്ത്യരിലേക്ക് ആ ജ്ഞാനം പകരുകയും ചെയ്തു. അതോടൊപ്പം അവർ ക്രൂശിന്റെ വീണ്ടെടുപ്പും പങ്കിട്ടു. ജ്ഞാനമെന്ന നാട്യത്തെ പൗലൊസ് തള്ളിക്കളഞ്ഞു, അവരും അങ്ങനെ ചെയ്യണമെന്ന് അവൻ ആഗ്രഹിച്ചു. അവർ അങ്ങനെ ചെയ്താൽ, കക്ഷി ചേരലും, ഭിന്നതയും ഒഴിവാകും.

അതിനിടയിൽ, തന്റെ വ്യക്തിപരമായ ഭാരത്തെയും അവൻ മനസിലാക്കിയിരുന്നു. സന്ദേശത്തിന്റെ സത്യത്തോടും ശക്തിയോടും കൂടെ കൊരിന്ത്യസഭ സന്ദേശവാഹകന്റെ സ്വഭാവവും പരിഗണിച്ചു. സുവിശേഷ പ്രാസംഗികൻ അതിനോട് സമർപ്പിക്കപ്പെട്ട ജീവിതമാണോ നയിക്കുന്നത് എന്നു വിലയിരുരുത്തുന്നത് ആവശ്യമാണ്. പുരാതന ലോകത്തിലായാലും, ആധുനിക ലോകത്തായാലും, സുവിശേഷം ഘോഷിക്കുന്നവർക്ക് വലിയ ഉത്തരവാദിത്തമാണുള്ളത്.

## മർമ്മം ആയിരുന്ന ദൈവജ്ഞാനം വേളിപ്പെടുത്തി (2:6-13)

ജ്ഞാനത്തെ തെറ്റായി മനസിലാക്കിയതിനാലായിരുന്നുകൊരിന്ത്യയിൽ ഭിന്നത ഉടലെടുത്തത്. അവസാനം പൗലൊസ് ജ്ഞാനത്തെ നിഷേധിക്കുന്നില്ല. "ദൈവത്തിന്റെ ജ്ഞാനം" (1:21) സുവിശേഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. "ക്രൂശിക്കപ്പെട്ട ക്രിസ്തു" ആയിരുന്നു "ദൈവത്തിന്റെ ജ്ഞാനം" (1:23, 24). കൊരിന്ത്യരെ പാപത്തിൽനിന്നു വീണ്ടെടുത്തത് ദൈവജ്ഞാന ലക്ഷണമായിരുന്നു (1:30), പക്ഷെ "ഈ ലോകത്തിന്റെ പ്രഭു" (2:6) ദൈവജ്ഞാനത്തിന് പരിധിയും മങ്ങലുമേൽപ്പിച്ചിരിക്കുന്നു. ആ നാട്യത്തെ പൗലൊസ് തള്ളിക്കളഞ്ഞു. "ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ" അല്ലാതെ മറ്റൊന്നും അറിയാത്തവനായി അവരുടെ ഇടയിൽ ആയിരിക്കുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ചപ്പോൾ, അവൻ സ്വീകരിച്ചത് ദൈവജ്ഞാനമായിരുന്നു (2:2). കൊരിന്ത്യരിൽ ഐക്യത കൈവരിക്കുവാനുള്ള ആഹ്വാന സന്ദേശം അൽപമൊന്ന് നിർത്തിയ ശേഷം അവൻ, തനിക്ക് ലഭിച്ചതും അവർ സ്വീകരിക്കേണ്ടതുമായ ജ്ഞാനത്തെ കൂടുതൽ വിശദമാക്കുവാൻ തുടങ്ങി, - ഭിന്നതകളാൽ കുഴപ്പത്തിലാക്കുന്ന ജ്ഞാനം ആയിരുന്നില്ല അത്.

**ജ്ഞാനത്തെ കുറിച്ചുള്ള സൂക്ഷ്മമായ അന്തരം (2:6–9)**

**[6]എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; ഈ ലോകത്തിന്റെ ജ്ഞാനമല്ല നശിച്ചുപോകുന്നവരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല. [7]ദൈവം ലോകസൃഷ്ടിക്കു മുമ്പെ നമ്മുടെ തേജസിന്നായി മുന്നിയമിച്ചതും മറഞ്ഞിരിക്കുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രെ മർമ്മമായി ഞങ്ങൾ പ്രസംഗിക്കുന്നു. [8]അത് ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല; അറിഞ്ഞിരുന്നുവെങ്കിൽ അവർ തേജസിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു,**
**[9]"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണ് കണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ കരുതീട്ടുമില്ല എന്നു എഴുതിയിരിക്കുന്നതുപോലെ തന്നെ."**

**വാക്യം 6**. കൊരിന്തിൽ ചിലർ സ്വീകരിച്ച ജ്ഞാനവും ദൈവിക ജ്ഞാനവും തമ്മിലുള്ള അന്തര വിഷത്തിൽ നിന്നും അപ്പൊസ്തലൻ വ്യതിചലിച്ചില്ല. **ലോകത്തിലെ പ്രഭുക്കന്മാരുടെ** ജ്ഞാനമായിരുന്നില്ല പൗലൊസിന്റേത്, അത് ഉയർന്ന തരത്തിലുള്ളതായിരുന്നു. **പക്വതയിലെത്തിയ**[വർ] സുവിശേഷത്തിലെ ജ്ഞാനം സ്വീകരിച്ചിരുന്നു. കൊരിന്ത്യൻ വായനക്കാർ പക്വതയിലെത്തുവാനായിരുന്നു പൗലൊസ് അവർക്ക് ലേഖനം എഴുതിയത്. ജ്ഞാനത്തിനെും പക്വതക്കും വേണ്ട പരിശ്രമമായിരുന്നു അവരുടേത്. പെരുമാറ്റം അധികവും ശിശുക്കളുടേതായിരുന്നു (3:1). തൽഫലമായി ഒരാൾ, താൻ പൗലൊസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരു ക്രിസ്ത്യാനി, താൻ അപ്പല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുവാൻ തുടങ്ങി.

പൗലൊസ് രണ്ടു തരം ജ്ഞാനമാണ് കൊരിന്ത്യർക്ക് മുന്നിൽ വെച്ചത്. ആദ്യത്തേത് ദൈവത്തിൽനിന്നുള്ളത്; മറ്റേത് ലോകത്തിന്റേത്, "ലോകത്തിലെ പ്രഭുക്കന്മാരുടേത്." പൗലൊസ് "ഈ ലോകത്തിലെ പ്രഭുക്കന്മാർ" എന്നു പറഞ്ഞത് വ്യാഖ്യാതാക്കൾക്ക് പിടി കിട്ടിയില്ല. മനുഷ്യയ കണ്ണുകൾക്ക് കാണുവാൻ കഴിയാത്ത ഭൂതങ്ങളാണ് അവ എന്ന നിഗമനത്തിലാണ് ചിലർ. കൊലൊസ്യർ 1:16–ൽ "ദൃശ്യമായതും അദൃശ്യമായതും" ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു എന്നു പറഞ്ഞിരിക്കുന്നു. അവയിൽ "വാഴ്ച്ചകളും," "അധികാരങ്ങളും," "ശക്തികളും" ഉൾപ്പെടുന്നു (റോമ. 8:38; കൊലൊ. 2:15; ഈഎസ്വി). കൊരിന്തിലെ ഭിന്നതകൾക്ക് കാരണം "ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനം" നിമിത്തമുള്ളതാണ് (2 കൊ. 4:4). ആ വിശദീകരണത്തിനുള്ള പ്രശ്നം എന്തെന്നനാൽ സന്ദർഭത്തിന് അപരിചിതമായ ഒന്നാണ് എന്നത്രെ. കർത്താവിനെ ക്രൂശിച്ചവരെ വാക്യം 8 ൽ പറഞ്ഞിരിക്കുന്നത് "ലോകത്തിന്റെ പ്രഭുക്കന്മാർ" എന്നാണ് റിച്ചാർഡ് ഈ. ഓസ്റ്റർ. ജൂനിയർ., പൗലൊസ് ദൈവജ്ഞാനത്തിന്റെ അന്തരം വ്യക്തമാക്കുന്നതിനെ ശരിയായി നിരീക്ഷിച്ചുപറഞ്ഞു, "ഈ ലോകത്തിന്റെ അധികാരികൾ അന്ധതയിലും, അജ്ഞതയിലുമാണ് കഴിയുന്നത്."[2]

തന്റെ എല്ലാ ലേഖനങ്ങളിലുമെന്ന പോലെ, പൗലൊസ് പ്രതീക്ഷയുടെ ഒരു നെടുവീർപ്പ് വിട്ടു, കർത്താവ് വരുന്നു, കർത്താവ് മടങ്ങി വരും. ഈ ലോകത്തിന്റെ അധിപതികൾ ശക്തി സംഭരിക്കും, പക്ഷെ അവ ഒഴിഞ്ഞു പോകും. അവൻ പറയുന്നത്, ഇപ്പോഴത്തെ ലോകത്തെ കുറിച്ചോ, ലോകത്തിന്റെ അധിപതികളെ കുറിച്ചോ, കർത്താവ് വരുമ്പോൾ അവയെല്ലാം

ഇല്ലാതാകുന്നതിനെ കുറിച്ചോ ആയിരുന്നില്ല, മറിച്ച് അവൻ കൊരിന്ത്യരോട് പറഞ്ഞത് ഉടനെ സംഭവിക്കുവാനിരിക്കുന്ന ചില കാര്യങ്ങളെ കുറിച്ചായിരുന്നു. കർത്താവ് പെട്ടെന്ന് വന്നേക്കാം, അല്ലെങ്കിൽ താമസിച്ചേക്കാം; അത് എങ്ങനെയായാലും ഈ ലോകം ഒഴിഞ്ഞുപോകുവാനുള്ളതാണ്. ആ നടപടി പൗലൊസിന്റെ കാലത്ത് ആരംഭിച്ചു. ലോകത്തിന്റെ അധിപതികളുടെ പരാജയം തുടങ്ങി എന്നത് കണ്ണുള്ളവർക്ക് കാണാം. "ചുറ്റും നോക്കുക." പൗലൊസ് അവരോട് അപേക്ഷിച്ചു, "ഈ ലോകം അവസാനിക്കും" എന്നത് ജ്ഞാനികൾക്ക് കാണുവാൻ കഴിയും ഇതേ ചിന്തക്ക് യോഹന്നാൻ ഉപയോഗിച്ചത്, "ഒഴിഞ്ഞുപപോകുന്നതിന്" യോഹന്നാൻ മറ്റൊരു ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചത്. "ഇരുട്ട് നീങ്ങി പോകും." അവൻ പറഞ്ഞു, "സത്യ വെളിച്ചം പ്രകാശിച്ചു തുടങ്ങി" (1 യോഹ. 2:8). പിന്നെ അവൻ ആവർത്തിച്ചു, "ലോകം ഒഴിഞ്ഞു പോകും" (1 യോഹ. 2:17).

**വാക്യം 7**. താൻ രൂപപ്പെടുത്തിയ ഒന്നായിരുന്നില്ല പൗലൊസ് സംസാരിച്ച ജ്ഞാനം. മറിച്ച്, മുൻപ് **മർമ്മമായി മറച്ചിരുന്നതാണ്** ദൈവം അപ്പൊസ്തലന് വെളിപ്പെടുത്തി കൊടുത്തു. അവ്യക്തമായിരുന്ന ക്രൂശിന്റെ മർമ്മം അങ്ങനെ വ്യക്തമായി. യേശു മുഖാന്തരം സർവ്വ ജനത്തെയും രക്ഷിക്കുവാനും, ജീവനുള്ള വഴി അങ്ങനെ പ്രപഞ്ചത്തിന്റെ ദൈവം "മർമ്മമായിരുന്നത്" തുറന്നു കൊടുത്തു (1:30). മിസ്രയിമിൽനിന്നു അത്ഭുതകരമായി വിടുവിച്ചുകൊണ്ടുവന്ന ജനം പോലും തെറ്റിദ്ധരിക്കപ്പെട്ടു. മുൻകാലങ്ങളിൽ ആർക്കും അറിയാത്ത ഒന്നായിരുന്നു മറഞ്ഞിരുന്ന ക്രൂശിന്റെ **ജ്ഞാനം** ആയിരുന്നു ആ മർമ്മം; എന്നാൽ ഇപ്പോൾ, സുവിശേഷപ്രസംഗത്താൽ ലോകത്തിന് തുറന്നു കിട്ടി. ആ ആശയം റോമർ 16:25-ൽ വ്യക്തമാക്കിയിരിക്കുന്നു, "... പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ട് ഇപ്പോൾ വെളിപ്പെട്ടുവന്നു." മറ്റു ഭാഗങ്ങളിൽ പൗലൊസ് ആ മർമ്മത്തിലേക്ക് മടങ്ങി വരുന്നു. ക്രിസ്തുമുഖാന്തരം യെഹൂദന്മാരെ മാത്രമല്ല, ജാതികളെയും ദൈവരാജ്യത്തിന് കൂട്ടവകാശികളാക്കും എന്നാണ് ദൈവം വെളിപ്പെടുത്തി കൊടുത്ത മർമ്മം (എഫെ. 3:4-6).

"മർമ്മം" (*മസ്റ്ററിയോൻ*) എന്ന വാക്ക് അപ്പൊസ്തലൻ ബോധപൂർവ്വം തിരഞ്ഞെടുത്തതിന്റെ മുഖ്യകാരണം, ഗ്രീക്ക്-സംസാരിക്കുന്ന ലോകത്ത് പ്രത്യേക പ്രാധാന്യം ഉള്ള വാക്ക് ആണത്. പുരാതന ഗ്രീക്കു മതങ്ങളിൽ ചില ദേവന്മാർക്കും ദേവതമാർക്കും ഭക്തർ രഹസ്യമായ ആഘോഷങ്ങൾ നടത്തിയിരുന്നു. അത്തതം രഹസ്യമായ ആചാരങ്ങളെ "മർമ്മങ്ങൾ" എന്നാണ് വിളിച്ചിരുന്നത്. ധാന്യദേവതയായ ദെമെത്രയൊസിനെ ആരാധിച്ചിരുന്നവർ ഇത്തരത്തിൽ ആചാരാനുഷ്ഠാനങ്ങൾ നടത്തിയിരുന്നു. വീഞ്ഞു ദേവനായ ഡയോനിസോസിനെ വണങ്ങിയിരുന്നവരും രഹസ്യാചാരത്തിൽ ഏർപ്പെട്ടിരുന്നു. പൂർവ്വദേശങ്ങളിൽനിന്നും മറ്റു മർമ്മങ്ങൾ പലതും ഗ്രീക്ക് - സംസാരിക്കുന്ന ലോകത്തേക്ക് പ്രവേശിച്ചിരുന്നു, ഉദാഹരണമായി, ആസ്യയിൽനിന്നു സിബെലെയും, മിസ്രയിമിൽനിന്ന് ഐസിസും അങ്ങനെ വന്നതാണ്. പൗലൊസ്, "മർമ്മം" എന്നതിനെ പുനർനിർവ്വചിച്ചു.

ക്രിസ്തുവിനെ കുറിച്ചുള്ള സന്ദേശം യാദൃശ്ചികമായി പൊട്ടിപുറപ്പെട്ടതല്ല എന്ന് പൗലൊസ് തെളിവോടെ പറഞ്ഞു. ദൈവം തന്റെ വിശ്രമ സമയത്തു തന്നെ കഷ്ടമേൽക്കുന്ന ക്രിസ്തുവിൽ കൂടെ യെഹൂദന്മാരെയും ജാതികളെയും രക്ഷിക്കുവാൻ തീരുമാനിച്ചിരുന്നു. ക്രിസ്തു കഷ്ടമേൽക്കണമെന്നത് ദൈവത്തിന്റെ പിന്നീടുണ്ടായ ചിന്തയായിരുന്നില്ല (ലൂക്കൊ. 24:26;

പ്രവൃ. 17:3 നോക്കുക). യേശുവിന്റെ പ്രവൃത്തികളെ കുറിച്ച് അവൻ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും പറഞ്ഞിരുന്നു (ലൂക്കൊ. 24:44). ആ അർത്ഥത്തിൽ, അവന്റെ പദ്ധതി **മുൻ നിർണ്ണയിച്ചിരുന്നു**. ഭാവിയിൽ മനുഷ്യവർഗത്തെ വീണ്ടെടുക്കുവാനുള്ള പദ്ധതി മുൻകൂട്ടി ആവിഷ്ക്കരിക്കുന്നതിനെയാണ് ബൈബിളിൽ മുൻനിർണ്ണയം എന്നു പറയുന്നത്. ചിലർ രക്ഷിക്കപ്പെടുവാനും മറ്റുള്ളവർ നഷ്ടപ്പെടുവാനായി ദൈവം മുൻനിർണ്ണയിച്ചിരിക്കുന്നു എന്നത് ദൈവ പദ്ധതിയല്ല. സുവിശേഷ കേൾവിയാൽ സകല വ്യക്തികളെയും രക്ഷിപ്പാൻ ദൈവം ആഗ്രഹിക്കുന്നു. പിന്നെ സുവിശേഷം കേട്ടവർ ഒരു തീരുമാനം എടുക്കണം എന്നതും ദൈവഹിതമാണ് (റോമ. 10:14). ക്രിസ്തുവിന് ഇരുന്നൂറു വർഷങ്ങൾക്ക് മുൻപ് ജീവിച്ച യെഹൂദനായ ഒരു മനുഷ്യൻ നന്നായി പറഞ്ഞു,

ദൈവം മനുഷ്യനെ ആദ്യം സൃഷ്ടിച്ചപ്പോൾ,
അവനു സ്വതന്ത്രമായി തിരഞ്ഞെടുക്കുവാനുള്ള.
അവസരവും കൊടുത്തിരുന്നു. അവന്റെ കൽപനകളെ;
നിങ്ങൾ തിരഞ്ഞെടുത്താൽ, അവ പ്രമാണിക്കും.
അവന്റെ ഇഷ്ടം ചെയ്യുന്നതാണ് ഭക്തി,
നിങ്ങലുടെ മുൻപിൽ വെള്ളവും തീയും വെച്ചിരിക്കുന്നു;
നിങ്ങൾക്ക് ഏതും തിരഞ്ഞെടുക്കാനാവും,
ജീവനും മരണവും മുൻപിൽ വെച്ചിരിക്കുന്നു,
തിരഞ്ഞെടുക്കുന്നത്, അവൻ നിങ്ങൾക്ക് നൽകും.[3]

**വാക്യം 8.** തെരുവീധികളിലെ തത്വശാസ്ത്രജ്ഞന്മാർക്ക് നൽകുവാൻ കഴിയുന്നതിൽ ിന്നു വ്യത്യസ്തമായ ഒന്നായിരുന്നു പൗലൊസ് നൽകിയ ക്രൂശിലെ ജ്ഞാനം. **തേജസിന്റെ കർത്താവിനെ ക്രൂശിൽ തറെച്ചപ്പോൾ**, ചന്തസ്ഥലത്തെ സഞ്ചാരികളായ പ്രസംഗികരും, **ഈ ലോകത്തിലെ അധിപതികളും** ഒത്തുചേർന്നിരുന്നു, ദൈവത്തിന്റെ ജ്ഞാനത്തെ അറിയായ്കയാലായിരുന്നു അവർ അങ്ങനെ ചെയ്തത്. കൊരിന്തിലെ ക്രിസ്ത്യാനികൾക്ക് ക്രൂശിന്റെ കൊടിക്കീഴിൽ യോജിച്ച് അണിനിരക്കുന്നവരായിരുന്നു ആവശ്യം. ഞെരണ്ട് സത്യങ്ങൾ അവരെ ബോധ്യപ്പെടുത്തുവാൻ യെശയ്യാവിന്റെ വാക്കുകൾ പൗലൊസിനെ സഹായിച്ചു. ഒന്ന്, ഊഹിക്കുവാൻ കഴിയുന്നതിനപ്പുറമായ ദൈവജനത്തെ അനുഗ്രഹിക്കുവാൻ കഴിയുന്നതായിരുന്നു ക്രിസ്തുവിന്റെ ആത്മിയതയും, ക്രൂശിലെ മരണവും. രണ്ട്, ഇനിയും കൂടുതൽ അനുഗ്രഹങ്ങളാണ് വരുവാനിരിക്കുന്നത്, **ദൈവത്തെ സ്നേഹിച്ച്, അവനെ പിൻപറ്റുന്നവർക്കായി** അവൻ ഒരുക്കിയിരിക്കുന്നതെല്ലാം.ലോകം യേശുവീനെ ക്ര5ശിൽ തറെച്ചത് “നമ്മുടെ മഹത്വത്തിനായിരുന്നു” (2:7). നമ്മെ ഓരോരുത്തരേയും വിളിച്ചു വേർതിരിച്ചത് **ദൈവ മഹത്വത്തിനാണ്**.

യേശുവിനെ കുറിച്ചു പറയുവാൻ ഇവിടെ മാത്രമാണ് “തേജസിന്റെ കർത്താവ്” എന്നു പറഞ്ഞിരിക്കുന്നത്. അവൻ ഉപയോഗിച്ച ജെനറ്റിവ് കെയിസ് വളരെ അർത്ഥവത്താണ് τῆς δόξης (*ടെസ് ഡോണെസ്*) അതായത്, “തേജസ്ക്കരിക്കപ്പെട്ട കർത്താവ്.” അതേ വാക്ക് യോക്കൊബ് 2:1 ൽ തർജിമ ചെയ്തിരിക്കുന്നത്, “നമ്മുടെ തേജസേറിയ കർത്താപായ യേശുക്രിസ്തു” എന്നാണ് എൻഏഎസ്ബിയിൽ. അതിനു പകരം പൗലൊസ് ഉയർന്ന വിശു

ദ്ധമായ രീതിയിലാണ് “മഹത്വം” എന്ന വാക്ക് ഉപയോഗിച്ചത്. എല്ലാ പ്രദർോശനങ്ങളേക്കാളും യേശു മകളിൽ തന്നെയാണ്. സകല മഹത്ത്തോടുകൂടി യായിരുന്നു പിതാപായ ദൈപം തന്റെ പുത്രന സ്വീകരിചച് വലത്തുഭാഗത്ത് ഇരുത്തിയത് എന്നതായിരുന്നേക്കാം പൗലൊസിന്റെ മനസിൽ.

**വാക്യം 9**. ഉദ്ധരണിയുടെ ഉറവിടം അജ്ഞാചമാണ്; യശയ്യാവ് 64:4 ഉദ്ധ രിച്ചതാകാം (64::3 Lxx).യെശയ്യാവും പൗലൊസും പറഞ്ഞ പോയന്റുകൾ വ്യത്യസ്തമാണ് പൗലൊസ് പഴയ നിയമമത്തിൽ നിന്നും ഉദ്ധരിക്കുമ്പോൾ, അവസാനം **എന്നു എഴുതിയിരിക്കുന്നു** എന്നും ചേർത്തിരിക്കും (ഉദാഹരണ ത്തിന് റോമർ 15:3, 9 ലതുപോലെ). ഇവിടെ പറഞ്ഞിരിക്കുന്ന പ്രസ്താവന ബൈബിളിനു പുറത്തുനിന്നുള്ളതായിരിക്കാം. അത് പൗലൊസിന്റെ പതിവ് അല്ലാത്തതിനാൽ ഉറപ്പിക്കുവാനും സാധ്യമല്ല. ഒരുപക്ഷെ സുവിശേഷത്തിൽ വിവരിച്ചിട്ടില്ലാത്ത യേശുവിന്റെ പ്രസ്താപനയായും കണക്കാക്കാം. കർത്താ വിൽ നിന്നുമുള്ള അറിയപ്പെടാത്ത ഒരു പ്രസ്താവന പ്രവൃത്തികൾ 20:35 ൽ പറഞ്ഞിരിക്കുന്നത് രേഖപ്പപടുത്തിയിരിക്കുന്നു. പഴയനിയമത്തിൽ നിന്ന് പ ൗലൊസ് കടമെുത്ത പ്രസ്താവനയായി കണക്കകാക്കാം.

യെശയ്യാവ് എഴുതി, “നീയല്ലാതെ മറ്റാരും പ്രവർത്തിക്കുന്നത് കണ്ണ് കണി ട്ടില്ല, ചെവി കേട്ടിട്ടില്ല, ആരുടേയും ഹൃദയത്തിൽ തോന്നീട്ടുമില്ല” (യെശ 64:4). ക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്ന നിലയിൽ ഈ പ്രസ്താവന ദൈവശ്വാസിയമാണ്, ആധികാരികവുമാണ് എന്നതാണ് നല്ല വിശദീകരണം. അങ്ങനെ പ്രവാചകന്ോ സംസാരിച്ചതിൽനിന്നു, തന്റെ പയിന്റിനെ വിപുലീക രിച്ചതാകാം. ആത്മാവിനാൽ, ദൈവം അവനു നൽകിയ വെളിപ്പാടിൽ നമുക്ക് വിശ്വസിക്കാം 1 കൊരി 2:10).അവൻ തന്റെ വിഷയം സ്ഥാപിക്കുവാനായി 64: ലേയും 65:16 ലയും ഭാഗങ്ങൾ ചേർത്ത് ഉപയോഗിച്ചതാകാം. കൊരിന്തിലുള്ള വർ യെശയ്യാവിന്റെ ഉദ്ധരണി തന്നനെ മനസിലാക്കുവാൻ അപ്പൊസ്തലൻ ആഗ്രിച്ചിട്ടില്ല. മറിച്ച്, പൗലൊസ് ദൈവത്തിന്റെ അപ്രമേയ ജ്ഞാനത്തെയും ശക്തിയെയും-കുറിച്ച്, ആരുടേയും ചെവി കേട്ടിടിട്ടില്ല, കണ്ണ് കണ്ടിട്ടില്ല, ഹൃദ യത്തിൽ തോന്നീട്ടുമില്ല-എന്ന് കൊരിന്ത്യരെ ധരിപ്പിക്കുവാനാണ്് ശമിച്ചത്.

യെശയ്യാവിന്റെ വാക്കുകൾ കൊരിന്ത്യരെ രണ്ട് സത്യങ്ങൾ ബോധ്യ മാക്കുവാൻ സഹായിച്ചു..ഒന്ന്, ദൈവ സന്ദേശം സ്വീകരിച്ചവർക്ക് ദൈവി കജ്ഞാനത്താൽ മനുഷ്യ ബുദ്ധിക്കതീതമായി, അനുഗ്രഹം ലഭിച്ചു. രണ്ട്, അപ്പോഴും, ദൈവത്തെ സ്നേഹിക്കയും അനുസരിക്കയും ചെയ്യുന്നവർക്ക് അവൻ അധികം അനുഗ്രഹങ്ങൾ നൽകുന്നു. ദൈവം **തന്നെ സ്നേഹിക്കു ന്നവര്ോക്കായയി അനുഗ്രഹങ്ങൾ തയ്യാറാക്കിയിരിക്കുന്നു**.

മനുഷ്യന്റെ വിവേചനാ കേന്ദ്രം **ഹൃദയമാണെന്ന്**, മറ്റുള്ളവരെ പോലെ പ ൗലൊസും രൂപകാലങ്കാരത്തിൽ വ്യക്തമാക്കിയിരുന്നു. ഒരർത്ഥത്തിൽ വൃക്ക യടക്കം ഉൾപ്പെടുന്ന അന്തർഭാഗമാണ് വികാരങ്ങളുടെ കേന്ദ്രമെന്ന് ആനുകാ ലികരും പൗലൊസും പറയുന്നു. ഉദാഹരണത്തിന് വീട്ടിലേക്ക് തിരിച്ചയക്കുന്ന ഒനേസിമോസ് തന്റെ ഹൃദയം തന്നെ എന്നാണ് ഫിലെമോനോട് പറഞ്ഞത് (ഫിലെ. 12). അക്ഷരികമായി ആ അടിമ തന്റെ “അന്തർഭാഗമാണ്” എന്നത്രെ പൗലൊസ് സൂചിപ്പിച്ചത്. ചിന്ത, വികാരം, എന്നിവ അടങ്ങുന്ന ആന്തരിക ജീവിതത്തെയാണ് “ ‘ഹൃദയം’ വിവക്ഷിക്കുന്നത്, ചില സന്ദർഭത്തിൽ ആന്ത രിക ഭാഗങ്ങളെല്ലാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു.”[4]

**ദൈവത്തിന്റെ ആത്മാവ് (2:10-13)**

**[10]നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്ന. ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു.**
**[11]മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവ് അല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല.**
**[12]നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രെ പ്ര ാപിച്ചത്.**
**[13]അത് ഞങ്ങൾ മാനുഷ ജ്ഞാനം ഉപദേശിക്കുന്ന വാക്കുകളാലല്ല ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട്, ആത്മി കന്മാർക്ക് ആത്മികമായത് തെളിയിക്കുന്നു.**

**വാക്യം 10**. ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനത്തേക്കാളുപരി യായതാണ് ദൈവത്തിന്റെ ജ്ഞാനം എന്ന് കൊരിന്ത്യരെ ബോധ്യപ്പെടുത്തു വാനാണ് പൗലൊസ് യെശയ്യാവിന്റെ വാക്കുകൾ കടമെടുത്തത്. അതിന്റെ ഔന്നത്യം **ആത്മാവ്. മുഖാന്തരമാണ്** ... വെളിപ്പെടുത്തിയിരിക്കുന്നത്. ആത്മാ വിനെ കുറിച്ചു ചിന്തിക്കുവാൻ പൗലൊസ് തന്റെ വായനക്കാരോട് ആവശ്യ പ്പെട്ടപ്പോൾ, ആദ്യ വ്യക്തിയായി ബഹുവചന സർവ്വനാമം എന്ന **ഞങ്ങൾക്ക്** എന്നാണ് പറഞ്ഞത്. 2:12, 13-ൽ, "ഞങ്ങൾ," "ഞങ്ങൾക്ക്" എന്നീ വാക്കുകൾ നാല് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. പൗലൊസ് ഇവിടെ തന്നെയും കൂടെ ഉൾപ്പെടുത്തിയാണോ പറയുന്നത്? അപ്പൊസ്തൊലിക അധികാരം ഉറപ്പിക്കു ന്നു എന്നതാണ് ഒരു സാധ്യത. പൗലൊസും മറ്റു അപ്പൊസ്തലന്മാരും ലോക ജ്ഞാനത്തേക്കാളുപരി ദൈവത്തിൽനിന്നുള്ള ജ്ഞാനം നേരിട്ടു ലഭിച്ചവരായി രുന്നു. കൂടാതെ, അത് സഭയിലെ ഭിന്നത പരിഹരിക്കുവാനുതകുന്നതുമാണ്. എങ്ങനെയായാലും, ഉടനെ വരുന്ന സന്ദർഭത്തിൽ പൗലൊസ് മറ്റു അപ്പൊസ്ത ലന്മാരെ ഒന്നും പറയുന്നില്ല. തന്റെ വായനക്കാരുടെ വ്യക്തിത്വവും ബഹുമാന വും കരസ്ഥമാക്കുന്ന വാക്കായിരുന്നു "നാം" എന്നത്. **എല്ലാ കാര്യങ്ങളെയും ദൈവത്തിന്റെ ആഴങ്ങളെ തന്നെയും** ആരായുവാൻ അവന് ആത്മാവിനാൽ നേരിട്ടു ലഭിച്ച ആത്മാവ് സഹായിച്ചു. അവന്റെ വാക്കുകൾ കൊരിന്ത്യർ വായി ച്ചപ്പോൾ, അവർ പങ്കിട്ടത് ദൈവത്തിന്റെ വെളിപ്പാട് ആയിരുന്നു.

**വാക്യം 11. മനുഷ്യന്റെ ആത്മാവിനെ** കുറിച്ചു പൗലൊസ് പറയുമ്പോൾ, അവന്റെ ചിന്തകളും, മനസും അടങ്ങുന്ന മനുഷ്യനെ തന്നെയാണ് അവൻ ഉദ്ദേശിച്ചത്. ഒരു മനുഷ്യന്റെ മനസും, അവന്റെ ഉള്ളിലെ ആഗ്രഹങ്ങളും ചിന്തകളും മറ്റൊരു മനുഷ്യനും അറിയുകയില്ല. ഒരു വ്യക്തിയും അവന്റെ ആത്മാവും എന്നു പറയുന്നത് ആ മനുഷ്യൻ തന്നെയാണ്.

> പൗലൊസിനെ സംബന്ധിച്ചിടത്തോളം, ഒരാളുടെ ശരീരത്തിൽനിന്ന് അയാളുടെ ഇഛയെയും, തൊഴിലിനേയും, വ്യക്തിത്വത്തെയും മാറ്റി ന ിർത്തുവാൻ കഴിയുകയില്ല; അയാൾ ജീവിക്കുന്നതിന്റേയും മരിക്കുന്ന തിന്റേയും ലക്ഷ്യം അത് വ്യക്തമാക്കുന്നു, അല്ലെങ്കിൽ അയാൾ ജീവി ച്ചിരിക്കുമ്പോഴും മരണശേഷവും ആരോടൊപ്പമാണെന്നും അത് തെളി യിക്കുന്നു (റോമ. 14:7-9).[5]

ദൈവം എങ്ങനെ ഏകനായിരിക്കുന്നു എന്ന് ആത്മാവിനാൽ വെളിപ്പെ ടുത്തിയതു ക്രിസ്ത്യാനിക്ക് മനസിലാക്കുവാൻ സഹായിക്കുന്നതാണ് ഒരാളുടെ ശരീരവും ആത്മാവും. ത്രിത്വമെന്ന ഉപദേശം വിശദമാക്കാതെ തന്നെ ദൈവത്തിന്റെ സാന്നിധ്യം പരിശുദ്ധാത്മാവ് അന്തർലീനമാക്കുന്നതാണ് നമുക്ക് ഇവിടെ കാണുവാൻ കഴിയുന്നത്. **ദൈവത്തിന്റെ ചിന്ത** ഇന്നതെന്ന് **ആത്മാവ് മാത്രമെ** അറിയുന്നുള്ളു. തന്റെ വിളി സ്വീകരിച്ച് വിശ്വാസികളായി തീരുന്നവവർക്ക് ദൈവത്തെ അറിയുവാനും, അനുഗ്രഹങ്ങൾ പ്രാപിക്കുവാനും അവസരം ലഭിക്കുന്നു. ഒരു *ക്രിസ്ത്യാനിക്ക്* ആത്മാവ് *മുഖാന്തരം* ദൈവത്തിന്റെ *ജ്ഞാനം* ലഭിക്കുന്നു. ലോകത്തിന്റെ ജ്ഞാനം "ഒഴിഞ്ഞു പോകുന്നതാണ്" (2:6), എന്നാൽ ദൈവത്തിന്റെ ജ്ഞാനം "തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ള" "തേജസ്" വെളിപ്പെടുന്നു (2:9).

**വാക്യം 12.** പൗലൊസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് നൽകിയ ജ്ഞാനം ദൈവത്തിൽനിന്നുള്ള ആത്മാവിനാൽ പങ്കിട്ടതായിരുന്നു. **ലോകത്തിന്റെ ആത്മാവിനാൽ പ്രചോദിതമായ** ജ്ഞാനത്തിൽനിന്നു തികച്ചും വ്യത്യസ്തമായ ഒന്നാണ് ദൈവത്തിൽനിന്നുള്ള വെളിപ്പാട്. സ്വയ-ബോധമുള്ള ഉണ്മയല്ല "ലോകത്തിന്റെ ആത്മാവ്"; അത് ശ്രദ്ധയില്ലാത്ത മനസിന്റെ സ്വയം-പര്യാപ്തതക്കുള്ളതാണ്; ധരിക്കുന്ന ശക്തി, ഇന്ദ്രിയജയസുഖം, ചാരിതാർത്ഥ്യത്തിനുള്ളതാണ്, ലക്ഷ്യമെല്ലാം ബാബേൽ ഗോപുരം ഉണ്ടാക്കിയതുപോലെയാണ് (ഉല്. 11:4), അത്തരം ബുദ്ധി മനുഷ്യരെ ഒഴിയാബാധപോലെ പിടിച്ചിരിക്കുകയാണ്. തങ്ങളെത്തന്നെ ബുദ്ധിമാന്മാർ എന്നു കരുതുന്നവർ, ലോകത്തിന്റെ ആത്മാവുള്ളവരാണ്, അവർ ഭോഷന്മാരാണെന്ന് തെളിയിക്കുകയും ചെയ്യുന്നു (റോമ. 1:22).

"ലോകത്തിന്റെ ആത്മാവിൽ" നിന്നു വ്യത്യസ്തമായി,. ദൈവത്തിൽനിന്നുള്ള ആത്മാവാണ്, സത്യദൈവത്തെ മനുഷ്യർക്ക് വെളിപ്പെടുത്തി തൃപ്തിപ്പെടുത്തുന്നവനുമാണ്. "ദൈവത്തിൽ നിന്നുള്ള ആത്മാവ്" മനുഷ്യഹൃദയങ്ങളിൽ സ്നേഹം പകരുന്നു (റോമ. 5:5). **ദൈവത്താൽ ... സൗജന്യമായി നൽകുന്ന കാര്യങ്ങളും,** വഞ്ചന, നാശം, ചതി തുടങ്ങിയവ തിരിച്ചറിയുവാൻ [തക്കവണ്ണം] പ്രാപ്തമാക്കുന്നത് ദൈവാത്മാവാണ്.

കൊരിന്ത്യരെ ഒന്നുകൂടെ ഉറപ്പിക്കുക എന്നതായിരുന്നു പൗലൊസിന്റെ ഉദ്ദേശം. ക്രൂശിന്റെ സന്ദേശത്തിൽ ലോകജ്ഞാനത്തിന്റെ കൗശലങ്ങൾ ഇല്ലായിരുന്നു അക്കാരണത്താൽ അതിനെ തള്ളിക്കളയാവുന്നതായിരുന്നില്ല. ദൈവം തന്റെ ജനത്തിന് വാഗ്ദാനം ചെയ്ത എല്ലാ നല്ല ദാനങ്ങളും അറിയുവാനും പങ്കിടുവാനും അനുസരിക്കുന്ന വിശ്വാസികളെ "ദൈവത്തിൽ നിന്നുള്ള ആത്മാവ്" പ്രാപ്തമാക്കുന്നു, അതേ സമയം, ലോകത്തിന്റെ ആത്മാവിന് ഒന്നും വാഗ്ദാനം ചെയ്യുവാനില്ല.

**വാക്യം 13.** "ദൈവത്തിന്റെ ... ആത്മാവിനാൽ സൗജന്യമായി നൽകപ്പെട്ട കാര്യങ്ങൾ അപ്പൊസ്തലൻ കൊരിന്ത്യരോട് അറിയിച്ചു." **ഞങ്ങൾ പ്രസ്താവിക്കുന്നത്** എന്നാണ് വാക്യം 13 പറയുന്നത്. താൻ പ്രസംഗിച്ചതും എഴുതിയതുമായ വെളിപ്പാട് ആശയവിനിമയത്താൽ ദൈവത്തിന്റെ ആത്മാവ് തന്നിൽ പ്രവർത്തിച്ചതാണെന്ന് പൗലൊസ് മനസിലാക്കി (എഫെ. 3:3, 4). താൻ എഴുതിയത് ദൈവകൽപനകളായി കൊരിന്ത്യർ സ്വീകരിക്കണമായിരുന്നു (1 കൊ. 14:37). കൊരിന്ത്യർ കൈക്കൊള്ളുവാനായി താൻ എഴുതിയ **മാനുഷ ജ്ഞാനം ഉപദേശിക്കുന്ന വാക്കുകൾ ആയിരുന്നില്ല,** പിന്നെയോ **ആത്മാവ്**

**ഉപദേശിക്കുന്ന വചനങ്ങൾ** ആയിരുന്നു. കൊരിന്ത്യ സഭയുടെ മുറിവ് ഭേദമാക്കുവാൻ പറ്റിയതായിരുന്നു ആ വാക്കുകൾ. അവിടെയുള്ള അംഗങ്ങളെല്ലാം "ഏകമനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കുവാനുള്ള" കോഴ്സ് ആയിരുന്നു (1:10).

യോജിപ്പിക്കുന്നു (συνκρίνω, *സൺക്രിനോ*) എന്ന ക്രിയ തർജിമ ചെയ്തിരിക്കുന്നത് പുതിയ നിയമത്തിൽ, 2:13 ലും, 2 കൊരിന്ത്യർ 10:12-ൽ രണ്ടു പ്രാവശ്യവും മാത്രമാണ്. സാധ്യതയുള്ള മൂന്ന് അർത്ഥങ്ങളാണ് ആ വാക്കിന് ഉള്ളത്: "യോജിപ്പിക്കുക," "താരതമ്മ്യപ്പെടുത്തുക," "വ്യാഖ്യാനിക്കുക."[6] 2 കൊരിന്ത്യകർ 10:12 ലെ സന്ദർഭം ആവശ്യപ്പെടുന്ന തർജിമ "താരതമ്മ്യം" ആണ്., എന്നാൽ 2:13 ലെ അതിന്റെ അർത്ഥം, രണ്ട് **ആത്മിയ** കാര്യങ്ങളുടെയും ലിംഗമനുസരിച്ചായിരിക്കും. ഒരു സന്ദർഭത്തിൽ വിശേഷണം (πνευματικά, *ന്യുമാറ്റിക*) വ്യക്തമായും നപുംസകമാണ്, അർത്ഥം, "ആത്മിയ കാര്യങ്ങൾ" എന്നാണ്. മറ്റൊന്ന് (πνευματικοῖς, *ന്യുമാറ്റികോയിസ്*) ഗ്രീക്കിൽ ഡേറ്റിവ് ബഹുവചനമാണ്, അതേരൂപം പുല്ലിംഗ സന്ദർഭത്തിലും, നപുംസക സന്ദർഭത്തിലും ഉപയോഗിച്ചിരിക്കുന്നു. പുല്ലിംഗമായി മനസിലാക്കുകയാണെങ്കിൽ, അത് "ആത്മിയ പുരുഷർ," അല്ലെങ്കിൽ "ആത്മിയ വാക്കുകൾ" എന്നായിരിക്കും. നപുംസകമായി വായിച്ചാൽ, അത് ആത്മിയ ചിന്തകൾ എന്നു മനസിലാക്കുക. "... ആത്മികന്മാർക്ക് ആത്മികമായി വ്യാഖ്യാനിക്കുന്നു" എന്ന് അർത്ഥം വരുന്ന വിധത്തിൽ, 2:13-ൽ കൊടുത്തതിരിക്കുന്നത് പുല്ലിംഗ രൂപത്തിൽ "ആത്മികം" എന്നാണ്.[7]

എൻഏഎസ്ബിയും എൻഐവിയും ഇതിൽ വ്യത്യസ്ത നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. "... ആത്മിയ ചിന്തകളോട് ആത്മിയ വാക്കുകൾ യോജിപ്പിക്കുന്നു" (എൻഐവി). ചിന്തയിൽ അവ രണ്ടും ഒരേപോലെയാണ്, "ആത്മികം" പുല്ലിംഗമെന്നു പറയുന്നത് ചോദ്യം ചെയ്യാവുന്നതാകയാൽ, അതിനെ "വാക്കുകൾ" എന്നതിന് ഉപയോഗിക്കുകയാണ്. പൗലൊസിന്റെ ഉപദേശത്തിന് കോട്ടം തട്ടാതെയാണ് രണ്ട് തർജിമക്കാരും നോക്കിയിരിക്കുന്നത്. തന്റെ വായനക്കാർ ആത്മാവ് മുഖാന്തരം ദൈവത്തിൽനിന്നുള്ള വെളിപ്പാടിൽ ആശ്രയിക്കുവാന്, എൻആർഎസ്വിയിലെ തർജിമ "ആത്മികന്മാര്" എന്ന് വ്യക്തികളെ സൂചിപ്പിച്ചു പറഞ്ഞിരിക്കുന്നു.

## പ്രാകൃത മനുഷ്യനും ആത്മിക മനുഷ്യനും (2:14-16)

യെശയ്യാവ് പറഞ്ഞത് താൻ പറയുന്നതു തന്നെ എന്ന് കൊരിന്ത്യർ മനസിലാക്കണമെന്ന് പൗലൊസ് ആവശ്യപ്പെടുന്നില്ല. ലോകം ശത്രുതയിലായിരിക്കുമ്പോൾ, അത് മോശമാക്കുവാനും അവൻ ആഗ്രഹിച്ചില്ല. എന്തുകൊണ്ട് എല്ലാവർക്കും കാണുവാൻ കഴിയുന്നില്ല? ഈ ചോദ്യത്തിന് ഉത്തരം പൗലൊസ് 2:14-16-ൽ വ്യക്തമാക്കുന്നു.

**14എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അത് അവന്നു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. 15ആത്മികനോ സകലത്തെയും വിവേചിക്കുന്നു. താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 16കർത്താവിന്റെ മനസ് അറിഞ്ഞ് അവനെ ഗ്രഹിപ്പിക്കാവുന്നവൻ ആർ?**

**നാമോ ക്രരിസ്തുവിന്റെ മനസുള്ളവർ ആകുന്നു.**

**വാക്യം 14.** ഒരു ഭാഷയിൽനിന്നു മറ്റൊന്നിലേക്ക് മാറ്റി പറയുമ്പോൾ, വിഷമം നേരിടുന്ന വാക്കാണ് പ്രാകൃത മനുഷ്യൻ എന്ന തർജിമ. (ψυχικός, *സൂഖികോസ്*) എന്ന വാക്കിന് തുല്യമായ ഇംഗ്ലീഷ് വാക്ക് ഇല്ല. "പ്രാകൃതമനുഷ്യൻ" എന്നത് ശരിയായ തർജിമയിൽ പെടുത്താം. സ്വാഭാവിക അഭിരുചി നിയന്ത്രണത്തിലുള്ള മനുഷ്യനാണ് പൗലൊസിന്റെ മനസിൽ ഉള്ളത്. പ്രാകൃത മനുഷ്യൻ തന്റെ വ്യക്തിത്വത്തിനു കാരണമായേക്കാവുന്ന തിന്നുക, കുടിക്കുക, ആനന്ദിക്കുക, കുറച്ചു സ്നേഹിക്കുക, ധാർമ്മികമായി ജീവിക്കുക, നേട്ടങ്ങൾക്കായി പോരാടുക എന്നിവ ചെയ്യുന്നു. തന്റെ ഊഹാപോഹങ്ങളിൽ ഊന്നിയാണ് മനുഷ്യരുടെ തോന്നലുകൾ ഇരിക്കുന്നത്. സങ്കൽപങ്ങൾക്ക് ഭാഷ മാറ്റിയതാണ് തത്വശാസ്ത്രം. പ്രാകൃത മനുഷ്യൻ അജ്ഞതയിൽ, അല്ലെങ്കിൽ സങ്കീർണ്ണമായ തത്വസംഹിതകളിൽ ആയിരിക്കും ജീവിക്കുന്നത്. അത്തരം ആളുകൾക്ക് ജീവിതമെന്നതും ദൈവം എന്നതും അവിശ്വസനിയമായിരിക്കും. ആകയാൽ, അവ വചനത്തെ ഭോഷത്വമായി തള്ളിക്കളയുന്നു. അതിൽനിന്നു വ്യത്യസ്തമായി, ദൈവം, മനുഷ്യരുടെ സങ്കൽപമായ സ്വ-സുഖ സേവനത്തെയും, സ്വയ-കേന്ദ്രീകൃത തോന്നലിനെയും ഭോഷത്വമായി കാണുന്നു (3:19).

പ്രാകൃത മനുഷ്യനും ആത്മിക മനുഷ്യനുമിടക്ക് പങ്കിടുന്ന സ്ഥലം കുറവാണ്. രണ്ട് പ്രതലങ്ങളിലാണ് രണ്ടും സഞ്ചരിക്കുന്നത്. തികച്ചും **പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല.** ക്രൂശിന്റെ സന്ദേശത്തോട് അവന് താൽപര്യമില്ലായ്മക്ക് കാരണം അതാണ്. അവന് **ആത്മിക വിചാരങ്ങൾ ഭോഷത്വമാണ്; അവന് അതു മനസിലാക്കുവാനും കഴിയുന്നി**ല്ല. ജഡികജ്ഞാനത്താൽ അവൻ ദൈവിക കാര്യങ്ങളെ വിലയിരുത്തുന്നതിനാൽ, അവന് ദൈവത്തിന്റെ വെളിപ്പാട് മനസിലാക്കുവാൻ കഴിയുന്നില്ല. "ദൈവാത്മാവിനാൽ വെളിപ്പെടുത്തിയ കാര്യങ്ങൾ" ആത്മികമായി വേണം **മൂല്യനിർണ്ണയം** നടത്തി അംഗീകരിക്കുവാൻ.

ആത്മാവിനാൽ ഉപദേശിക്കപ്പെടുവാൻ അവർ അനുവദിക്കുമ്പോൾ, പങ്കിടുന്നത് ദൈവിക ജ്ഞാനമാണ്. ഉള്ളിൽനിന്നുള്ള വിവേചനമാണ് അത്തരം കാര്യങ്ങൽ മനസിലാക്കുവാൻ സഹായിക്കുന്നത്. ക്രിസ്തുവിലുള്ള വ്യക്തിത്വ കൂട്ടായ്മ, പ്രത്യാശ, തികവുള്ള നന്മ എന്നിവ ഒരു ക്രിസ്ത്യാനിക്ക് അവിശ്വാസിയെ പറഞ്ഞു മനസിലാക്കുക പ്രയാസമാണ്. അത്തരം അറിവ് അവനിൽ ജീവിക്കുന്നവർക്കാണ് ലഭിക്കുന്നത്. ദൈവാത്മാവ് ലഭിക്കുന്നതിനായി ഒരാൾ തന്റെ ഹൃദയം തുറക്കണം.

വസ്തുതകളെ കുറിച്ചുള്ള ശരിയായ അറിവുണ്ടെങ്കിലും, അവിശ്വാസികളായ വ്യക്തികൾ ബൈബിൾ സത്യങ്ങൾ ത്യജിക്കുകയാണ് ചെയ്യുന്നത് എന്നാണ് റോബർട്ട് എച്ച്. സ്റ്റെയിൻ ചൂണ്ടി കാണിച്ചത്[8] യേശുക്രിസ്തു എന്ന വ്യക്തിയിൽ ദൈവം സജിവമായി പ്രവർത്തിക്കുന്നു എന്ന സാക്ഷ്യത്തെ വിശ്വസിക്കാത്തവരാണ് ബൈബിൾ ഉപദേശങ്ങളെ "ഭോഷത്വമെന്ന്" കരുതി തള്ളിക്കളയുന്നത്. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രപരമായ കാര്യങ്ങൾ അവർക്ക് അറിയാമായിരിക്കാം, പൗലൊസ് പറഞ്ഞതിന്റെ അർത്ഥവും മനസിലാക്കിയിരിക്കാം. അതിനെ അങ്ങനെയുള്ള ഭോഷത്വമെന്ന് കേൾക്കുന്നതിനാൽ, ബുദ്ധിപമായി അവർക്ക് മനസിലാക്കുവാൻ കഴിയുകയില്ല എന്ന് പറയുന്നതിൽ അർത്ഥമില്ല. മറിച്ച്, അവർ തങ്ങൾക്കായുള്ള സുവിശേഷത്തിന്റെ

പ്രാധാന്യത്തെയാണ് നിഷേധിക്കുന്നത്.

ആളുകളെ ഈ സന്ദർഭത്തിൽ മൂന്നായി തരം തിരിച്ചിരിക്കുന്നത് മനസിലാകുന്നില്ല. ചിലർ അവയെ വൃത്തിയുടെ ഗണത്തിൽ തരം തിരിച്ചിരിക്കുന്നു: (1) "ആത്മിയർ" (πνευματικοί, *ന്യുമാറ്റികോയി*) പുനർജ്ജനനം കഴിഞ്ഞവരും, ആത്മിക പക്വതയിലെത്തിയവരും, പൗലൊസിനെ പിന്തുണക്കുന്നവരുമായിരുന്നു. (2) "ജഡിക" പുരുഷന്മാർ (σαρκικοί, *സാർകികോയി*) പുനർജ്ജനനം നടത്താത്തവർ (3) "പ്രാകൃത" മനുഷ്യർ (ψυχικοί, *സൂഖികോയി*) അപക്വതയുള്ളവരായിരുന്നു. ആ വാക്ക് വിഭജിക്കുമ്പോൾ, പൗലൊസ് *സർക്കികോയി*യേയും *സൂഖികോയി*യെയും കുറ്റപ്പെടുത്തിയതായി കാണാം. 3:3 ലെ അന്യമതസ്ഥരായിരുന്നില്ല പൗലൊസിന്റെ ഇവിടത്തെ വിഷയം; കൊരിന്ത്യ സഭ ആയിരുന്നു. അവസാനത്തെ രണ്ടുകൂട്ടരും രണ്ട് വശങ്ങളിൽ നോക്കിയാൽ ഒരേ തരത്തിലുള്ളവരായിരുന്നു എന്നു കാണാം. രണ്ട് കൂട്ടരും ദൈവവിളിയോട് താൽപര്യമില്ലാത്തവരും, ഉയർന്ന ജഡിക ചിന്തയുള്ളവരുമായിരുന്നു.

പൗലൊസിനെ സംബന്ധിച്ച്, എല്ലാ കപട പെരുമയുള്ളവരും, ധനികരും, തത്വജ്ഞാനികളും, ലോക ശക്തിയുള്ളവരും, ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടവരുമാകയാൽ, ദൈവജനത്താൽ നിഷേധിക്കപ്പെട്ടവരുമായിരുന്നു. തന്റെ ശക്തി വെളിപ്പെടുത്തുവാൻ ദൈവം ലോകത്തിലെ ബലഹീനമായവയെയാണ് തിരഞ്ഞെടുത്തത് (1:27).

**വാക്യം 15. ആത്മികർ** എന്നു ചിലരെയും മറ്റുള്ളവരെ "പ്രാകൃതർ" എന്നും പൗലൊസിന് ആളുകളെ തിരിച്ചറിയുവാൻ കഴിഞ്ഞു എന്നത് വ്യക്തമായിരുന്നു (2:14). ഒരു പ്രതലത്തിൽനിന്നു മറ്റൊരു പ്രതലത്തിലേക്ക് ആളുകൾ മാറുന്നത് (ചുരുങ്ങിയത് ഈ സന്ദർഭത്തിൽ) പറയുന്നില്ല. അത്തരം വേദഭാഗം സാധ്യമാണോ? ജന്മനാ ഒരു സംഘനത്തിൽ അല്ലെങ്കിൽ മറ്റൊന്നിലായിട്ടാണോ ജനിക്കുന്നത്? ഒരാൾക്ക് ജീവിതത്തിന്റെ ഒരു സമയത്ത് പ്രാകൃതാവസ്ഥയിൽ ജീവിച്ചിട്ട്, പിന്നിട് ആത്മികാവസ്ഥയിലേക്ക് മാറുവാൻ കഴിയുമോ? ആളുകൾ വാസ്തവത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നുണ്ടോ? അവർ പ്രാകൃതരോ ആത്മികരോ ആകുന്നതിൽ അവരുടെ തീരുമാനങ്ങൾ ബാധിക്കുമോ? തന്റെ ലേഖനം പ്രാകൃതമനുഷ്യനെ മാറ്റി ആത്മികമനുഷ്യനാകുന്നതിനായി മാനസാന്തരപ്പെടുവാൻ ഇടയാക്കും എന്നതായിരുന്നു പൗലൊസിന്റെ പ്രത്യാശ. പൗലൊസ് മാറ്റത്തിൽ വിശ്വസിച്ചിരുന്നു എന്നതിന്റെ തെളിവാണ് അവൻ കൊരിന്തിൽ താമസിച്ചതും, അവരോട് വാദിക്കയും, അവരെ തുടർച്ചയായി – പ്രബോധിപ്പക്കയും ചെയ്തു എന്നത്. മാരകമായ ഒരു വീക്ഷണവും അവൻ എടുത്തില്ല. വീണ്ടെടുക്കുവാൻ പറ്റാത്ത വിധത്തിൽ പ്രാകൃതമനുഷ്യനായി ആരുമില്ല, അതുപോലെ റദ്ദ് ചെയ്യാനാകാത്ത വിധത്തിലുള്ള ആത്മികനുമില്ല. ഓരോരുത്തരും തിരഞ്ഞെടുപ്പ് നടത്തുവാൻ സുവിശേഷം കേൾക്കണമെന്നും അങ്ങനെ അവർ ആത്മിയജനമാകണമെന്നുമാണ് പൗലൊസ് ആഗ്രഹിച്ചത്.

ഒരാൾ തീരുമാനം എടുത്ത് സുവിശേഷം അനുസരിക്കുമ്പോൾ, ആ വ്യക്തിയിലേക്ക് ദൈവം തന്റെ ആത്മാവിനെ വസിപ്പാൻ നൽകുകയും ശക്തിപ്പെടുത്തുകയും ചെയ്യും. ആത്മാവിന്റെ സഹായത്താൽ, ഒരാൾക്ക് നാശകരമായ പാപഭാരവും ദൈവത്തെ ആദരിക്കുന്ന ആത്മിയ മനുഷ്യനും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുവാൻ കഴിയുന്നു. "ആത്മികൻ" എല്ലാറ്റിനേയും **വിവേചിക്കുന്നു**. എല്ലാം "വിവേചിക്കുന്നു" എന്നു പറയുന്നതിന്റെ

സൂചന എന്തെന്നാൽ, നന്മയും ദൈവഭക്തിയും അയാൾ തിരഞ്ഞെടുക്കുന്നു എന്നർത്ഥം. വിശ്വാസമോ, സന്തോഷമോ, അല്ലെങ്കിൽ, വിശ്വാസിയുടെ പ്രത്യാശയോ പ്രാകൃത മനുഷ്യൻ മനസിലാക്കുന്നില്ല. ക്രമേണ, ഒരു ക്രിസ്ത്യാനി ആരാലും വിവേചിക്കപ്പെടുന്നുമില്ല.

**വാക്യം 16**. "എന്ന് എഴുതിയിരിക്കുന്നു" എന്ന പ്രയോഗം കൂടാതെ പൗലൊസ് യെശയ്യാവ് 40:13 ഉദ്ധരിച്ചിരിക്കുന്നു. 2:16 ലെ ചോദ്യങ്ങൾ ആലങ്കാരികമാണ്. **കർത്താവിന്റെ മനസ് അറിഞ്ഞ് അവനെ** [ഗ്രഹിപ്പിക്കാകുന്നവൻ] ആർ? തീർച്ചയായും, "കർത്താവിന്റെ മനസ" അറിയാവുന്നവൻ ആരുമില്ല. അത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തർക്കങ്ങൾ ജനിപ്പിക്കും. ദൈവ മനസ് അറിഞ്ഞ് ഒരു മനുഷ്യനും അവന്റെ ഉപദേഷ്ടാവ് ആകുവാൻ കഴിയാത്തതുപോലെ, പ്രാകൃത മനുഷ്യനു തന്റെ പ്രാകൃത ജ്ഞാനത്താൽ, ആത്മിക മനഷ്യന്റെ മനസോ, ഹൃദയമോ, ആത്മാവോ വിവേചിക്കുവാൻ സാധ്യമല്ല. കർത്താവ് "തന്നെത്താൻ" വെളിപ്പെടുത്തിയിരിക്കയാൽ ക്രിസ്ത്യാനികൾക്ക് "ക്രിസ്തുവിന്റെ മനസ്" അറിയാം. ദൈവ മനസ് അറിയുവാൻ ദൈവത്തിന്റെ അടുത്ത് വന്നാൽ, അയാൾ ദൈവ മനസിന് അടുത്ത് എത്തിയിരിക്കുന്നു എന്നു പറയാം.

യെശയ്യാവിന്റെ വേദഭാഗം ഉദ്ധരിച്ച ശേഷം പൗലൊസ് പറയുന്നു, എന്നാൽ **നാമോ ക്രിസ്തുവിന്റെ മനസുള്ളവർ ആകുന്നു**. അത് ധീരമായ ഒരു പ്രസ്താവനയാണ്. അപ്പൊസ്തലൻ കൊരിന്ത്യരോടുകൂടെ ആത്മിക പങ്കാളിത്വത്തിലാണെന്ന് വ്യക്തമാക്കുന്ന പ്രയോഗമാണ് "നാം" എന്ന ബഹുവചനം. "ക്രിസ്തുവിന്റെ മനസുള്ളവരാകുവാൻ," ഒരാൾ പാപത്ത ഉപേക്ഷിച്ച്, വൈകാരികമായി ക്രൂശിൻ കീഴിലാകുകയും, നാട്യവും സ്വയ-പര്യാപ്തതയും കൈവെടിയുകയും വേണം. അഭിപ്രായങ്ങളുടെ മേലുള്ള കലഹം, ഭിന്നത എന്നിവ വച്ചുപുലർത്തുന്നവർ ക്രിസ്തുവിന്റെ മനസുള്ളവരല്ല. കൊരിന്ത്യയിലുള്ളവർ തങ്ങളെ ബാധിച്ച പ്രശ്നങ്ങളെ പിന്നിൽ വിടുകയും, വ്യക്തിപരമായ നിഗളം മാറ്റി നിർത്താവിന്റെ നടത്തിപ്പിനായി മാറണമായിരുന്നു. സഭയെ ശുദ്ധീകരിക്കുന്ന പരിശീലനവും വിശ്വാസവും ലഭിക്കുവാൻ, "ക്രിസ്തുവിന്റെ മനസ് പ്രായോഗികമാക്കുക" എന്നതാണ് ലേഖനത്തിൽ മിക്കഭാഗവും പ്രബോധിപ്പിക്കുന്നത്.

## പ്രായോഗികത

### സന്ദേശവും സന്ദേശവാഹകനും

ദൈവത്താൽ-നൽകപ്പെട്ട താലന്തുകൾ ചില ക്രിസ്ത്യാനികൾ ശരിയായി ഉപയോഗിച്ചു; അവർ ഫലപ്രദമായ പ്രാസംഗികരായി ശോഭിച്ചു കാരണം അവർ അധികവും പ്രസംഗിച്ച സന്ദേശം സുവിശേഷ സത്യമായിരുന്നു, സഭ സന്ദേശത്തിലും സന്ദേശവാഹകരിലും ആശ്രയിച്ചതിനാൽ ക്രൂശിനെ കുറിച്ചുള്ള ആ സത്യം അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ സഹായകരമായി തീർന്നു. നല്ല ഉപദേഷ്ടാക്കന്മാരാലും, പ്രാസംഗികന്മാരാലും, സഭ എക്കാലവും അനുഗ്രഹിക്കപ്പെട്ടിരുന്നു. അതിന് വിപരീതമായി, ദൈവത്താൽ-നൽകപ്പെട്ട താലന്തുകൾ സ്വന്ത താൽപര്യങ്ങൾക്കു വേണ്ടി ഉപയോഗിച്ചപ്പോഴെല്ലാം അത് സഭക്ക് ശാപമായി തീരുകയും ചെയ്തിരുന്നു.

നന്നായി പ്രസംഗിക്കുന്ന ദാസന്മാരെ ക്രിസ്ത്യാനികൾ അനുമോദിക്ക

ണം. സത്യത്തിന്റെ ഉയർച്ചക്കായി അവരുടെ താലന്തുകളെ ഉപയോഗിക്കുന്നതിനാലാണ് അവരെ അനുമോദിക്കണമെന്ന് പയുന്നത്. വിമർശനത്തെ ക്രിസ്ത്യാനികൾ വിവേകത്തോടെ തിരിച്ചറിയണം. വളരെ മധുരവും വിനോദപ്രദവുമായ ഒരു പ്രസംഗം സത്യം ബോധ്യമാക്കണമെന്നില്ല. ക്രിസ്തുവിനെ സേവിക്കുന്നവർക്ക് ദൈവത്തിന്റെ വചനം അറിയിക്കുവാൻ ആദ്യമായി പരിജ്ഞാനം ആണ് ആവശ്യം. ആദ്യം അവർ ബൈബിൾ മനസിലാക്കുകയും, പിന്നെ നടത്തിപ്പിനായി അതിൽ ആശ്രയിക്കയും വേണം. വചന വഴി ഒരാൾ അറിഞ്ഞാൽ മാത്രം പോരാ. ഒരു ക്രിസ്തീയ ഉപദേഷ്ടാവ് ഹൃദയത്തിൽ നിന്നാണ് സംസാരിക്കേണ്ടത്. ആത്മാർത്ഥതക്കും, വ്യക്തിപരമായ സമർപ്പണത്തിനും പകരമായി മറ്റൊന്നില്ല.

വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുവാൻ പഠിപ്പിക്കുന്നവർ തങ്ങളുടെ വിഷയങ്ങളിൽ താൽപര്യമുള്ളവരും ആയിരിക്കണം. ഒരു ക്രിസ്തീയ ഉപദേഷ്ടാവ് സുവിശേഷത്തിൽ താൽപര്യമുള്ളവൻ മാത്രമല്ല, അയാൾ അതിൽ സമർപ്പിതനായി ജീവിക്കുന്നവനും ആയിരിക്കും. ഒരേ വ്യക്തിയിൽ പരിജ്ഞാനവും സ്വഭാവവും യോജിച്ച് പ്രസംഗ വൈഭവം പുറപ്പെടുമ്പോൾ സ്വർഗം സന്തോഷിക്കും. ബൈബിളിലെ വലിയ പ്രാസംഗികർ ആരും പ്രസംഗ ചാതുരുത്തിൽ മാത്രം നിലനിന്നിരുന്നില്ല. അവർ പ്രസംഗിച്ച വാക്കുകളിൽ കൂടെ മാത്രമായിരുന്നില്ല, മറിച്ച് അവർ ആരായിരുന്നു എന്നതിൽ കൂടെയാണ് കേൾവിക്കാരെ പ്രചോദിപ്പിച്ചത്. രസിപ്പിക്കുന്ന വാക്ചാതുര്യമുള്ള പ്രാസംഗികരെയോ, സത്യം പ്രസംഗിക്കുന്ന പ്രസംഗകരെയോ തിരഞ്ഞെടുക്കുന്ന സമയം വരുമ്പോൾ, സത്യം തിരഞ്ഞെടുക്കുന്ന സഭയെയാണ് ദൈവം അനുഗ്രഹിക്കുന്നത്.

വിമർശകർ പൗലൊസിന്റെ കൃത്രിമാഭിരുചിയുടെ നിലവാരത്തെയാണ് കുറ്റപ്പെടുത്തിയിരുന്നത്. മറ്റുള്ളവർ പൗലൊസിന്റെ വാക്സാമർത്ഥ്യത്തെയും തത്വജ്ഞാനത്തെയുമാണ് വിമർശിച്ചത് (2 കൊ. 10:10; 11:6). തന്റെ ഹൃദയം ജ്വലിച്ചുകൊണ്ടിരുന്നതിനാലാണ് പൗലൊസിന് ലോകത്തെ സ്വാധീനിക്കുവാൻ കഴിഞ്ഞത്. ക്രിസ്തുവിലും അവന്റെ ക്രൂശിലുമായിരുന്നു പൗലൊസ് ലയിച്ചിരുന്നത്. യാതൊരു വൈമനസ്യവും കൂടാതെയായിരുന്നു പൗലൊസ് തന്നെപോലെ ആകുവാൻ മറ്റുള്ളവരെ പ്രേരിപ്പിച്ചത്. ഇന്ന് ഉപദേഷ്ടാക്കന്മാരും പ്രാസംഗികന്മാരും തങ്ങളുടെ മേഖലകളിൽ സത്യം അറിഞ്ഞ്, സ്വന്ത ജീവിതത്തിൽ അവ പകർത്തി, ഘോഷിക്കുമ്പോൾ സഭ അനുഗ്രഹിക്കപ്പെടും.

**ആത്മിയ വ്യക്തി ആകൽ (2:15)**

ക്രിസ്ത്യാനികൾക്കിടയിൽ കുറച്ചു മാത്രം സംസാരിക്കുന്ന വാക്കുകളിൽ ഒന്നാണ് "ആത്മികൻ." ആത്മികരായ ക്രിസ്ത്യാനികളെ പൗലൊസ് 1 കൊരിന്ത്യർ 2:15 ലും ഗലാത്യർ 6:1 ലും അഭിനന്ദിച്ചു. ആത്മികരാകുക എന്നത് ക്രിസ്ത്യാനികൾക്ക് വിലയുള്ള കാര്യമാണ്, എന്നാൽ ആ വാക്ക് എളുപ്പത്തിൽ ദുഷിക്കപ്പെടുവാനിടയുണ്ട്. ആത്മികരാണെന്നു പറയുന്ന എല്ലാവരും ഭക്തരാണ് എന്നു നിരുപിക്കരുത്.

"അത്മിയത" എന്ന നാമം ആയ വാക്ക് ഉപയോഗപ്രദമാണെങ്കിലും, ബൈബിളിൽ കാണുന്നില്ല. ആത്മിയതയുടെ നിഗൂഢഗുണങ്ങളാണ് ഭക്തിയുള്ള ജീവിതം എന്നു ബൈബിൾ എഴുത്തുകാർ പറയുന്നില്ല. ആളുകളെ ഉദ്ദേശിച്ച് "ആത്മിയമായ" എന്ന വിശേഷണം വളരെ അപൂർവ്വമായിട്ടേ ഉപയോഗിച്ചിട്ടുള്ളു. ഒരു വരം (റോമ. 1:1), അല്ലെങ്കിൽ ന്യായപ്രമാണം ആത്മിക

മാകാം (റോമ. 7:14). സത്യത്തെ പോലെ, ചില ആരാധനയും അനുഗ്രഹങ്ങളും ആത്മികമാണ് (റോമ. 12:1; 15:27). ക്രിസ്ത്യാനികളെ മൊത്തത്തിൽ ആത്മികരെന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ഒരു വ്യക്തിയെ കുറിച്ച് "ആത്മികൻ" എന്നു ബൈബിൾ പറയുന്നില്ല.

ഒരു വ്യക്തി, അവൻ അല്ലെങ്കിൽ അവൾ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ആത്മികനെന്നോ അല്ലെങ്കിൽ അനാത്മികനെന്നോ ആരെയും വിധിച്ചില്ല. ഒരാൾ എത്ര പ്രാവശ്യം "യേശു" എന്ന വാക്ക് ഉച്ചരിച്ചുവോ, അല്ലെങ്കിൽ "കർത്താവേ സ്തോത്രം!" എന്ന വാക്ക് ഉച്ചരിച്ചുവോ എന്നതിനനുസരിച്ചുമല്ല "ആത്മികൻ" ആകുന്നത്. ഒരു പുരുഷനായാലും, സ്ത്രീയായാലും, "ആത്മിക" പ്രത്യാശ വിശ്വാസ സമൂഹവുമായുള്ള ബന്ധത്തിലാണ് കണ്ടെത്തുന്നത്. കൂട്ടായ ഗുണങ്ങൾ ആത്മിയത വ്യാപിപ്പിക്കുന്നു. ആത്മാർത്ഥതയുള്ളവനാണ് ആത്മികൻ. അയാൾ തന്റെ സ്നേഹിതനു വേണ്ടി ചിലത് ചെയ്യുന്നതിലും പ്രാർത്ഥനക്കായി സമയം ചെലവിടുന്നതിലും സന്തോഷം കണ്ടെത്തും. ക്രിസ്തുവിലുള്ള വിശ്വാസം ആത്മിക ജീവിതത്തിന്റെ അനുബന്ധമല്ല; അത് ഈ ജീവിതത്തിന്റെ ഹൃദയമാണ്. ശ്വസിക്കുന്നതുപോലെയുള്ള സാധാരണ സംഭവമാണ് പ്രാർത്ഥന. ഒരു ആരാധകൻ തന്റെ ഇഷ്ടപ്പെട്ട ടീമിനോട് സംസാരിക്കുന്നതുപോലെ ആത്മിക മനുഷ്യൻ ക്രിസ്തുവിനെ കുറിച്ച് സംസാരിക്കും. ക്രിസ്തുവിനെ വശമാക്കി, അവന്റെ വചനത്തോട് ചേർന്ന്, അവന്റെ ജനത്തെ സ്നേഹിക്കുകയും, അവരോട് ചേർന്ന് അവനെ നമസ്ക്കരിക്കുകയും ചെയ്യും.

**ഉള്ളിൽ നിന്നുള്ള പരിജ്ഞാനം (2:15)**

പ്രാകൃതമനുഷ്യനും ആത്മികമനുഷ്യനും തമ്മിലുള്ള വ്യത്യാസം പൗലൊസ് വ്യക്തമാക്കുന്നത് എന്തെന്നാൽ, ചില സത്യങ്ങൾ ക്രിസ്തീയ വിശ്വാസത്തിനുള്ളില് നിന്നു മാത്രമെ മനസിലാക്കുവാൻ കഴിയുകയുള്ളു എന്നതാണ്. ദൈവത്തോട് സമർപ്പിക്കാതെ പുറത്തു നിൽക്കുന്ന ഒരാൾ അവനോട് ശത്രുത പുലർത്തുന്നതിനാൽ, ക്രിസ്തുവിൽ ആയി തീർന്നവർ മനസിലാക്കിയത് അവർക്കു മനസിലാക്കുവാൻ സാധ്യമല്ല.

ചില ക്രിസ്തീയ സത്യങ്ങൾ അവയിൽ പങ്ക് ചേരാതെ മനസിലാക്കുവാൻ കഴിയുകയില്ല എന്നാണോ? ഒരു ചിത്രീകരണത്തിനായി, ഒരു ശാസ്ത്രജ്ഞൻ മൽസ്യം വെള്ളത്തിൽനിന്ന് ഓക്സിജൻ ചെകിള വഴി പുറത്തു വിടുന്നതിനെ കുറിച്ച് ദീർഘകാലം ഗവേഷണം നടത്തി. ഒരു മനുഷ്യനു മൽസ്യമായ ശേഷം തിരിച്ച് മനഷ്യനാകുവാൻ കഴിയുമോ? വർഷത്തോളം തിയറി മാത്രം പഠിച്ചാൽ ആ സത്യം മനസിലാക്കുവാൻ പ്രയാസമാണ്, പക്ഷെ ഒരു മൽസ്യത്തിന്റെ അനുഭവത്താലാണ് വ്യക്തമായി മനസിലാക്കുവാൻ കഴിയുകയുള്ളു.

അതുപോലെ, ബൈബിളിലെ ചരിത്രപരമായ കാര്യങ്ങളും, വിശ്വാസ സംബന്ധമായ ചർച്ചകളും - ആഴത്തിൽ ഗ്രഹിക്കുവാൻ - ക്രിസ്തുവിനെ കൈക്കൊള്ളുക തന്നെ വേണം. ആന്തരിക സമാധാനം, പ്രയാസങ്ങളുടെ മദ്ധ്യേ പ്രത്യാശ, വിശ്വാസികളുമായുള്ള കൂട്ടായ്മ, നന്മ തിരഞ്ഞെടുക്കുന്നതിലുള്ള തൃപ്തി എന്നീ കാര്യങ്ങൾ വ്യക്തിപരമാണ്, അവ വാക്കുകളിൽ വിവരിക്കുവാൻ എളുപ്പവുമല്ല. വിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസ വശ്യത പറഞ്ഞു ഫലിപ്പിക്കുവാൻ പ്രയാസമാണ്, കാരണം ചില സത്യങ്ങൾ വിശ്വാസ വൃത്തത്തിൽ അനുഭവത്തിൽ കൂടെ മാത്രമെ തിരിച്ചറിയുവാൻ കഴിയു.

കുറിപ്പുകൾ

[1]ഹാൻസ്-റൂവേഡി വെബർ, *ക്രോസ്: ട്രഡീഷൻ ആന്റ് ഇന്റർപ്രെട്ടേഷൻ*, ട്രാൻസ്, എൽകെ ജെസറ്റ് (ലണ്ടൻ: എസ്പിസികെ, റീപ്രിന്റ് ഗ്രാന്റ് റാപ്പിഡ്സ് മൈക്: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1979), 73. [2]റിച്ചാർഡ് എഫ്. ഓസ്ററർ. ജൂനിയർ., *1 കൊരിന്ത്യൻസ്*, ദ കോളേജ് പ്രസ്, എൻഐവി കമെന്ററി (ജോപ്ളിൻ മോ.: കോളേജ് പ്രസ് പബ്ളിഷിങ് കമ്പനി., 1995), 81. [3]സിറാക്ക് 15:14–17 എൻഏബി (ദിസ് ടെക്സ്റ്റ് ആൾസോ നോൺ ആസ് ദ വിസ്ഡം ഓഫ് ബെൻ - സെരാക് ഓർ "എക്ലേഷിയാസ്റ്റിക്സ്" ഈസ് പാർട് ഓഫ് അപ്പോക്രിഫാ.) [4]ലിയോൺ മോറിസ്, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പോൾ ടു കൊരിന്ത്യൻസ്*, റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ളിയു എം ബി. ഏർഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1985), 56. [5]പോൾ എസ് മിനിയർ "ക്രൈസ്റ്റ് ആന്റ് ദ കോൺഗ്രിഗേഷൻ: 1 കൊരിന്ത്യൻസ് 5–6" *റിവ്യൂ ആന്റ് എക്സ്പോസിറ്റർ* 80 (സമ്മർ 1983), 349. [6]*വാൾട്ടർ ബാവർ, ദ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ്. എഡി., റെവ. ആന്റ് എഡി. ഫ്രെഡറി വില്ല്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000) 953. [7]ആർഎസ്വി യിൽ "ആത്മികന്മാർക്ക് ആത്മിയമായി വ്യാഖ്യാനിക്കുന്നു" എന്നാണ്. [8]റോബർട് എച്ച് സ്റ്റെയിൻ, *ഏ ബേസിക് ഗൈഡ് ടു ഇന്റർപ്രെട്ടിങ് ദ ബൈബിൾ: പ്ലെയിങ് ബൈ ദ റൂൾസ്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ ബുക്ക്സ്, 1994), 66–67.